# ജാമക്കാരൻ
# JAMAKKARAN

VOLUME - 1 RNI Reg. No. TNBIL/2016/70171 ISSUE - 8

AUGUST - 2017 TAMIL & MALAYALAM




**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**
**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

✆ 0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



**കർത്താവിൽ പ്രിയരെ,**

കൃപയും സമാധാനവും നിങ്ങളിൽ ഉണ്ടായിരിക്കട്ടെ.

നിങ്ങളുടെ മക്കൾ പുതിയ ക്ലാസ്സുകളിൽ പ്രവേശിച്ചിരിക്കും എന്ന് കരുതുന്നു. മക്കളുടെ ക്ഷേമത്തിനായി പ്രാർത്ഥനയിൽ ജാഗരിക്കുക. ക്ലാസ്സുകളിൽ ആത്മീയരായ നല്ല കൂട്ടുകാരെ കൂട്ടിനായി ലഭിക്കട്ടെ. നന്മ ലഭിക്കുന്ന, കുസൃതികളില്ലാത്ത കൂട്ടുകാരെ ലഭിക്കാൻ പ്രാർത്ഥിക്കുക. ഞാനും പ്രാർത്ഥിക്കുന്നു.



ചെന്നൈ പോലുള്ള മെട്രോപൊളിറ്റൻ നഗരങ്ങളിൽ മിഡിൽ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മയക്കുമരുന്നു ചേർന്ന മിഠായികൾ നല്കി കുഞ്ഞുങ്ങളെ നശിപ്പിക്കുന്ന മാഫിയ ഇറങ്ങിക്കഴിഞ്ഞു. മയക്കുമരുന്നിന് അടിമകളായ യുവതീയുവാക്കൾ വിദ്യാർത്ഥികൾക്കു മയക്കുമരുന്ന് പുരട്ടിയ മിഠായികൾ നല്കി അവരെയും മയക്കുമരുന്നിന് അടിമകളാക്കി മാറ്റുന്നു. അവരിൽ ഈ മിഠായിക്കു താല്പര്യം വർദ്ധിച്ചു എന്നറിഞ്ഞാൽ ആ മിഠായി കിട്ടാനായി വീട്ടിലെ വിലപിടിപ്പുള്ള വസ്തുക്കളും, പണവും കുറെശ്ശെ കൊണ്ടുവരാൻ ആവശ്യപ്പെടും. നല്ല മിഠായിക്കല്ലേ ഈ കാര്യമെന്ന് വച്ച് പിഞ്ചുഹൃദയങ്ങളും അങ്ങനെ തന്നെ ചെയ്യും.

വീട്ടിൽ വച്ചിരിക്കുന്ന കാശ്, വസ്തുക്കൾ എങ്ങനെ കാണാതാകുന്നു എന്നറിയാതെ വീട്ടുകാരും കുഴങ്ങിപ്പോകും. കളവ് തുടരുന്നതിനാലും കള്ളന്മാരെ പിടിക്കാൻ കഴിയാത്തതു കൊണ്ടും ചില മാതാപിതാക്കൾ പോലീസിന്റെ സഹായം ആവശ്യപ്പെടുന്നു.

പോലീസ് ഡിപ്പാർട്ടുമെന്റിൽ കുഞ്ഞുങ്ങളുമായി ഇടപഴകാൻ വൈദഗ്ധ്യം ലഭിച്ച Child Welfare Police Officer ഉണ്ട്. അവർ പോലീസ് യൂണിഫോമിൽ വരാതെ സിവിലി

ജാമക്കാരൻ JAMAKKARAN

# AUGUST 2017

യൻ ഡ്രസ്സിൽ വീട്ടിൽ വന്ന് കുഞ്ഞുങ്ങളുമായി ചങ്ങാത്തത്തിലായി അവരിൽ നിന്ന് വിവരങ്ങൾ ശേഖരിക്കും. അങ്ങനെയുള്ള വിവരശേഖരണത്തിൽ നിന്ന് ഒന്നിനു പുറകെ ഒന്നായി ധാരാളം പേർ അകപ്പെടും. ആ കുഞ്ഞുങ്ങളെ മയക്കുമരുന്നിന് അടിമകളാക്കിയ കോളേജ് വിദ്യാർത്ഥികളെയും പിടികൂടും. ചെന്നൈ നഗരത്തിൽ നിന്ന് പിടികൂടിയ കോളേജ് വിദ്യാർത്ഥികളുടെ എണ്ണം വളരെ അധികമാണ്.

3, 4 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന തങ്ങളുടെ മക്കളെയും കൂട്ടി എന്നെ കാണാൻ ചില മാതാപിതാക്കൾ വന്നു. സ്വഭാവത്തിലെ ചില മാറ്റങ്ങൾക്കു പ്രാർത്ഥിക്കാനായിട്ടാണ് എന്റെ അടുക്കൽ കൊണ്ടുവന്നത്. ആ മാതാപിതാക്കളോടായി ഞാൻ പറഞ്ഞു: 'ഈ വക സ്വഭാവമാറ്റത്തിന് പ്രാർത്ഥന മാത്രം പോരാ. മറിച്ച്,

1. അവരെ അടിച്ചോ, പേടിപ്പിച്ചോ മറ്റു ശിക്ഷകൾ നല്കിയാലോ അവരിൽ നിന്ന് സത്യാവസ്ഥ കൊണ്ടുവരാനാകില്ല.
2. മയക്കുമരുന്ന് പുരട്ടിയ മിഠായികൾക്ക് അടിമകളായ കുഞ്ഞുങ്ങൾ ഉറങ്ങുമ്പോൾ ചില വ്യത്യസ്തമായ ചേഷ്ടകൾ കാണിക്കും. അതു മനസ്സിലാക്കുക.
3. മയക്കുമരുന്ന് ചേർന്ന മിഠായികൾ ലഭിക്കുന്നതിൽ താമസ്സം നേരിട്ടാലോ, കിട്ടാതായാലോ അവർ കോപമുള്ളവരായി മാറും. തങ്ങളെത്തന്നെ കുത്തി മുറിവേല്പ്പിക്കും. എല്ലാ കാര്യങ്ങൾക്കും വാശി പിടിക്കും കരയും. അവർ കരയുന്നല്ലോ എന്ന് കരുതി എത്ര വിലപിടിപ്പുള്ള വസ്തുക്കളോ മധുരപലഹാരങ്ങളോ നല്കിയാലും അതു അവർക്കു വേണ്ട എന്ന് പറയും.
4. അങ്ങനെ വ്യത്യാസങ്ങൾ കണ്ടാൽ ഉടനെ തന്നെ ഒരു ക്ലിനിക്കിൽ സൈക്കോളജിസ്റ്റിന്റെ അടുക്കൽ കൊണ്ടുചെല്ലുക. (ഇപ്പോൾ എല്ലാ മെഡിക്കൽകോളേജുകളിലും, മൾട്ടി സ്പെഷ്യാ ലിറ്റി ആശുപത്രികളും ശിശു മനഃശാസ്ത്രജ്ഞന്മാരുടെ സേവനം ലഭ്യമാണ്.)
5. അവരുടെ രക്തത്തിൽ അലിഞ്ഞു ചേർന്ന മയക്കുമരുന്നിന്റെ വിഷാംശം അതുപോലുള്ള മിഠാ യികൾ ആവശ്യപ്പെട്ടുകൊണ്ടേയിരിക്കും. രക്തത്തിൽ നിന്ന് ആ വിഷാംശം നീക്കിയാലേ അവർ നോർമൽ ആകൂ. ഇതിനായി ഒരാഴ്ച ആശുപത്രിയിൽ തങ്ങി ചികിത്സിക്കണം. ഒരാഴ്ചയിൽ ശരിയാവും. അതിനുശേഷമാണ് ജാഗ്രത ഏറെ വേണ്ടത്. താമസിക്കുന്ന വീടോ, പഠിക്കുന്ന സ്ക്കൂളോ മാറ്റേണ്ടി വന്നേക്കാം. ഇങ്ങനെ ചെയ്തില്ലെങ്കിൽ മക്കൾ വീണ്ടും ദുഷിച്ച കൂട്ടുകെ ട്ടിലേക്കു പോയി പഴയ നിലയിലേക്കു ചെന്നുചേരും. ഇങ്ങനെ മയക്കുമരുന്നുകൾക്ക് (ലഹരി വസ്തുക്കൾക്ക്) അടിമകളായ കുഞ്ഞുങ്ങളെ സാധാരണ നിലയ്ക്കു കൊണ്ടുവരുന്നതിന് മാതാപിതാക്കൾ നഷ്ടങ്ങളും, വിട്ടുവീഴ്ചകളും, ത്യാഗങ്ങളും സഹിച്ചേ പറ്റൂ.

മുൻപ് കോളേജ് വിദ്യാർത്ഥികളാണ് മയക്കുമരുന്നുകൾക്ക് അടിമകളായിരുന്നത്. ഇപ്പോൾ അവരുടെ സാമ്പത്തിക ആവശ്യങ്ങൾക്കായി കണ്ടുപിടിച്ച പുതിയ മാർഗ്ഗങ്ങളാണ് സ്ക്കൂൾ വിദ്യാർത്ഥികൾക്കു മയക്കുമരുന്നു പുരട്ടിയ മിഠായി വിതരണം. ഇതിലൂടെ കുരുന്നുകളെയും അവരുടെ കുടുംബങ്ങളുടെ സമാധാനവും ഇവർ കെടുക്കുന്നു. ഓർമ്മിക്കുക!! ഇത് പിശാചിന്റെ തന്ത്രമാണ്!!

കോളേജ് വിദ്യാർത്ഥികൾക്കായും സ്കൂൾ വിദ്യാർത്ഥികൾക്കായും നാം പ്രത്യേകം

പ്രാർത്ഥിക്കേണ്ടതാണ്. മയക്കുമരുന്നിനും അതിന്റെ സാമ്പത്തിക ആവശ്യങ്ങൾക്കായി കളവ്, കൊള്ള തുടങ്ങിയ സാമൂഹിക തിന്മകൾക്കും ഉറവിടമാകുന്ന നമ്മുടെ തലമുറയെ ഓർത്ത് ഉപവസിച്ച് പ്രാർത്ഥിക്കേണ്ടത് അത്യാവശ്യമാണ്. ഈ വിഷയം വായിക്കുന്ന നിങ്ങളുടെ അല്ലെങ്കിൽ നിങ്ങളുടെ വേണ്ടപ്പെട്ടവരുടെ വീട്ടിൽ ഇങ്ങനെയൊരു സംഭവം നടന്നാൽ നിങ്ങളുടെ മനസ്സ് എത്ര വേദനിക്കും. നമ്മുടെ കൊച്ചുമക്കൾ മയക്കുമരുന്നിന് അടിമകളായാൽ മനസ്സ് എത്ര തുടിക്കും! നിങ്ങളുടെ സന്തോഷം മുഴുവൻ നശിക്കുമല്ലോ!! ഇതോർത്ത് നിങ്ങളുടെ കുഞ്ഞുങ്ങൾക്കായും നിങ്ങളുടെ വേണ്ടപ്പെട്ടവരുടെ കുഞ്ഞുങ്ങൾക്കായും ഇപ്പോൾത്തന്നെ പ്രാർത്ഥന തുടങ്ങുക. നിങ്ങളുടെ മക്കൾ സ്കൂളിലോ, കോളേജിലോ പോകുന്നതിന് മുമ്പ് പ്രാർത്ഥിച്ച് അയക്കുക. കുഞ്ഞുങ്ങൾ പോയശേഷവും അവർക്കായി പ്രാർത്ഥിച്ചുകൊണ്ടേയിരിക്കുക. ദൈവം മനുഷ്യജനതയെ സൃഷ്ടിച്ചതുതന്നെ തനിക്കായി ഒരു വിശുദ്ധജനത ഉണ്ടാകണം എന്ന ലക്ഷ്യത്തോടുകൂടിയാണ്. ഞാൻ പ്രാർത്ഥിക്കുന്നു. നിങ്ങളും പ്രാർത്ഥിക്കുക.

* നിങ്ങളുടെ മക്കൾക്ക് Two wheeler / Motor Bike വാങ്ങിക്കൊടുക്കരുത്. യുവാക്കളുടെ ഹരം തന്നെ ബൈക്ക് വേഗത്തിൽ ഓടിക്കുക എന്നതാണ്. അതിലും പുറകെ രണ്ടോ മൂന്നോ കൂട്ടുകാരെ വച്ച് ഓടിക്കുക എന്നത് അവർക്ക് വളരെ ഇഷ്ടമുള്ള കാര്യമാണ്. പക്ഷേ ഈ ബൈക്ക് തന്നെ അവരുടെ ജീവൻ നശിപ്പിക്കുന്ന കാരണവുമായിത്തീരുന്നു. നിങ്ങളുടെ മക്കളെ നിങ്ങൾ തന്നെ കൊല്ലേണ്ട. നിങ്ങളുടെ മക്കൾക്കു സ്നേഹത്തോടെ മോട്ടോർ ബൈക്ക് വാങ്ങി നല്കി യാലും അതു അവരുടെ ജീവിതത്തോട് കളിയ്ക്കുന്ന കാര്യമായിത്തീരും. Four wheeler / Car വാങ്ങി നല്കുക. അതിലും പ്രശ്നമുണ്ട്. പക്ഷേ ആപത്തിന്റെ തോത് കുറവാണ്. ഒരു പ്രായം വരെ (പഠനം തീരുന്നതു വരെ) നിങ്ങളുടെ മക്കൾ Two wheeler / Motor Bike ആവശ്യമില്ല!
* SSLC, + 2 എന്നീ പരീക്ഷകളിൽ പാസ്സായി അടുത്ത ക്ലാസ്സുകളിൽ അഡ്മിഷൻ ആയ കുഞ്ഞു ങ്ങൾക്കായി പ്രാർത്ഥിക്കുന്നു. ഡിഗ്രി പാസ്സായി ഉപരിപഠനത്തിന് പോകുന്ന കുഞ്ഞുങ്ങൾക്കായും പ്രാർത്ഥിക്കുന്നു. അതുപോലെ പരീക്ഷകളിൽ പരാജയപ്പെട്ട കുഞ്ഞുങ്ങൾക്കായും പ്രാർത്ഥിക്കുന്നു. അവർ തളർന്നുപോകേണ്ട. കർത്താവിലാശ്രയിച്ച്, പ്രാർത്ഥനയോടെ, സ്ഥിരോത്സാഹം ചെയ്ത് പഠിച്ചാൽ ഉയർന്ന മാർക്കോടെ വീണ്ടും പാസ്സാകും. നിങ്ങളുടെ ജീവിതം കർത്താവിന് സമർപ്പിച്ച് അവിടുത്തെ കരങ്ങളിൽ ഏല്പിക്കുമെങ്കിൽ പരാജയങ്ങളെ പദ്ധതികളാക്കി മാറ്റും! നഷ്ടപ്പെട്ട വർഷങ്ങളെ ലാഭമാക്കി മാറ്റിത്തരും!!
* ഈ മാസവും കൂട്ടായ്മകൾ നല്കിയ എല്ലാവർക്കും നന്ദി.
* പ്രാർത്ഥിക്കാനാവശ്യപ്പെട്ട എല്ലാ കത്തുകൾക്കും മെയിലുകൾക്കും മറുപടി എഴുതിക്കൊണ്ടി രിക്കുന്നു.
* സ്കൂൾ, കോളേജ് അദ്ധ്യയന വർഷം തുടങ്ങിയതിനാൽ സാമ്പത്തിക്കച്ചെലവുകൾ ഏറെയാ ണ്. ഇതിന്റെ മദ്ധ്യത്തിലും കൂട്ടായ്മ നല്കാൻ മനസ്സു കാണിച്ച നിങ്ങൾക്കു പ്രത്യേക നന്ദി.
* നിങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറാൻ പ്രത്യേകം പ്രാർത്ഥിക്കുന്നു. ഈ മാസം മുഴുവൻ കണ്ണിലെ കൃഷ്ണമണിപോലെ കർത്താവ് കാത്തു വഴി നടത്തുമാറാകട്ടെ! ആമേൻ.

കർത്തൃശുശ്രൂഷയിൽ

**ഡോ.പുഷ്പരാജ്**

# അൾത്താരയിൽ സ്ത്രീകൾ ?




**(കുറിപ്പ് :** താഴെ എഴുതിയിരിക്കുന്ന ഈ ലേഖനം മധ്യകേരള ഡയോസിസ് സി.എസ്.ഐ പള്ളിയിൽ പാരമ്പര്യ ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു വളർന്ന് ഇപ്പോഴും അതേ സഭയിൽ അംഗമായി തുടർന്നുകൊണ്ടിരിക്കുന്നു. ഇതെഴുതിയ സഹോദരന്റെ ഉള്ളിലുള്ള സി.എസ്.ഐയെക്കുറിച്ചുള്ള ഭാരത്തെക്കുറിച്ച് ഞാൻ അഭിമാനിക്കുന്നു.)

അൾത്താരയിൽ സ്ത്രീകൾ എന്നതും സുവിശേഷഘോഷണത്തിൽ സ്ത്രികൾ എന്നതും രണ്ടു വിഷയങ്ങളാണ് എന്ന് മനസ്സിൽ വച്ചുകൊണ്ട് ഈ വിഷയം പ്രാർത്ഥനാപൂർവ്വം പഠിക്കാൻ ദൈവമക്കളെ ആഹ്വാനം ചെയ്തുകൊണ്ട് ചില ചിന്തകൾ ബഹുമാന്യ വായനക്കാരുമായി പങ്കു വയ്ക്കുകയാണ്.

ക്രിസ്തുസഭയുടെ ഉത്ഭവം മുതൽ ദുരുപദേശങ്ങളുടെ നുഴഞ്ഞുകയറ്റം സഭയിൽ ഉണ്ടായതാണ്. യേശുക്രിസ്തുവിന്റെ ദൈവത്വം, പരിശുദ്ധാത്മാവിന്റെ ആളത്വം, പുനരുത്ഥാനം ഇല്ലാ എന്ന ഉപദേശം ഇങ്ങനെ ധാരാളം സംശയം ജനിപ്പിക്കുന്ന വിഷയങ്ങൾ സഭയിൽ ഭിന്നത ഉണ്ടാക്കി. ഇതിനെയെല്ലാം അതിജീവിച്ചാണ് ക്രിസ്തുസഭ ഇന്നും ലോകത്തിന്റെ എല്ലാ വൻകരകളിലും ജൈത്രയാത്ര ചെയ്യുന്നത്. വിശുദ്ധ പൗലോസിന്റെ ഭാഷയിൽ പറഞ്ഞാൽ ക്രിസ്തുവിന്റെ സുവിശേഷം മറിച്ചുകളയുവാനുള്ള സാത്താന്യ തന്ത്രങ്ങളാണിവ (ഗലാത്യർ 1:7).

എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിപ്പോകുമോ എന്ന് ഞാൻ ഭയപ്പെടുന്നു (2 കൊരി 11:3).

സഭയിൽ ചില വർഷങ്ങൾക്കു മുമ്പ് അരങ്ങേറിയ വനിതാ പട്ടത്വവും, ഇപ്പോഴത്തെ വനിതാ ബിഷപ്പും സഭയുടെ പുരോഗമന ചിന്താഗതിയായി ചില പ്രഗത്ഭന്മാർ പ്രസംഗിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് ലജ്ജാവഹമാണ്. ഇത് പുരോഗമനമല്ല അധോഗമനമാണ് എന്ന് പറയേണ്ടിവരുന്നതിൽ ഖേദമുണ്ട്.

നീ ശാസനയെ വെറുത്ത് എന്റെ വചനങ്ങളെ നിന്റെ പുറകിൽ എറിഞ്ഞ് കളയുന്നു വല്ലോ (സങ്കീ 50:17).

ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിർ കടന്നുപോകരുത് എന്ന യോഹന്നാൻ അപ്പോസ്തലന്റെ ഉപദേശം ഇത്തരുണത്തിൽ ശ്രദ്ധേയമാണ് (2 യോഹ 9).

സഭയിൽ ഒരു പുതിയ ഉപദേശത്തിന് അംഗീകാരം കൊടുക്കുമ്പോൾ പ്രധാനമായി മൂന്ന് കാര്യങ്ങൾ ആയതിന് അടിസ്ഥാനപരമായി നോക്കേണ്ടതുണ്ട്.

1. ദൈവവചനത്തിന്റെ ആധികാരികത
2. യേശുകർത്താവ് കാണിച്ച മാതൃക
3. സഭയുടെ പാരമ്പര്യം

**1. ദൈവവചനത്തിന്റെ ആധികാരികത :** ഒരുവൻ അദ്ധ്യക്ഷസ്ഥാനം കാംക്ഷിക്കുന്നുവെങ്കിൽ നല്ലവേല ആഗ്രഹിക്കുന്നു. "If a man desires the office of a Bishop, he desireth a good work" (1 തിമൊ 3:1).

മൂപ്പൻ (ബിഷപ്പ്) കുറ്റമില്ലാത്തവനും, ഏക ഭാര്യയുള്ളവനും ദുർന്നടപ്പിന്റെ ശ്രുതിയോ അനുസരണക്കേടോ ഇല്ലാത്ത വിശ്വാസികളും ആയിരിക്കണം (തീത്തോ 1:6). ഈ ഭാഗങ്ങൾ പഠിച്ചാൽ പുരോഹിതശുശ്രൂഷയ്ക്ക് പുരുഷന്മാരെ മാത്രമാണ് ആദിമസഭയിൽ തെരഞ്ഞെടുത്തിരുന്നത് എന്ന് മനസ്സിലാകും. ആകയാൽ സഹോദരന്മാരെ ആത്മാവും, ജ്ഞാനവും നിറഞ്ഞ് നല്ല സാക്ഷ്യമുള്ള ഏഴു പുരുഷന്മാരെ നിങ്ങൾ തന്നെ തിരഞ്ഞുകൊൾവീൻ. അവരെ ഈ വേലയ്ക്ക് ആക്കാം...അവരെ അപ്പോസ്തലന്മാരുടെ മുമ്പാകെ നിറുത്തി, അവർ പ്രാർത്ഥിച്ചു അവരുടെ മേൽ കൈവച്ചു (അപ്പോ 6:17).

പഴയനിയമകാലത്തും കൈവച്ചും, തൈലം തലയിൽ ഒഴിച്ചും, ശുശ്രൂഷയ്ക്കായി വേർതിരിച്ചത് പുരുഷന്മാരെയത്രെ (പുറ 3:29, 1 ശമു 10:1, 16:33, 1 രാജാ 1:39, 19:6, 2 രാജാ 9:3, 11:2, 23:30) അഹരോന്റെ പുത്രന്മാരെ മാത്രമാണ് പൗരോഹിത്യ ശുശ്രൂഷയ്ക്കായി തെരഞ്ഞെടുത്തിരിക്കുന്നത് (ലേവ്യ 8:30).

പുതിയനിയമകാലത്ത് ദുരുപദേശങ്ങൾക്ക് തടയിട്ട് സദുപദേശങ്ങൾ കൊടുക്കുവാനും, താക്കീത് നൽകുവാനും ദൈവം വിശുദ്ധ പൗലോസിനെ ഇണങ്ങിയ ആയുധമായി കരങ്ങളിൽ ഉപയോഗിച്ചു. ഒരു സ്ത്രീയുടെ, കുടുംബത്തിലെയും സഭയിലെയും സമൂഹത്തിലെയും, സ്ഥാനവും, അധികാരവും, ഉത്തരവാദിത്തവും, ശുശ്രൂഷയും വളരെ വിലപ്പെട്ടതാണ്. അത് ദൈവത്താൽ നിയമിക്കപ്പെട്ടതും നിയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്നതുമാണ്. അത് നിഷേധിക്കപ്പെടരുത് എന്നത് ദൈവകൽപ്പനയാണ്. സ്ത്രീയോട് കൽപ്പിച്ചത് ഞാൻ നിനക്ക് കഷ്ടവും ഗർഭധാരണവും ഏറ്റവും വർദ്ധിപ്പിക്കും. നീ വേദനയോടെ മക്കളെ പ്രസവിക്കും, നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടാകും, അവൻ നിന്നെ ഭരിക്കും (ഉല്പത്തി 3:16). ഏദൻതോട്ടത്തിലെ പൈശാചിക കൂട്ടായ്മയിൽക്കൂടി സ്ത്രി നേടിയെടുത്ത അവൾക്ക് മാത്രമായ സമ്പാദ്യം ഒരിക്കലും സ്ത്രീക്കുവേണ്ടായെന്നു വയ്ക്കുവാനോ, ദൈവം ദാനം ചെയ്യാത്ത ഒന്ന് നേടി എടുക്കാനോ സാധിക്കുകയില്ല. ഗർഭധാരണവും, മുലയൂട്ടും ലോകത്തിലെ ഏറ്റവും വിലപ്പെട്ട പദവിയാണ്. അത് സ്ത്രീയുടെ മാത്രം അവകാശമാണ്. സ്ത്രീ മൗനമായിരുന്ന് പൂർണ്ണാനുസരണത്തോടും കൂടെ പഠിക്കട്ടെ. മൗനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ, പുരുഷന്റെ മേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല. ആദാം ആദ്യം നിർമ്മിക്കപ്പെട്ടു, പിന്നെ ഹവ്വാ. ആദാം അല്ല സ്ത്രീയത്രെ വഞ്ചിക്കപ്പെട്ട് ലംഘനത്തിൽ അകപ്പെട്ടത്. എന്നാൽ വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധീകരണത്തിലും സുബോധത്തോടെ പാർക്കുന്നുവെങ്കിൽ അവൾ മക്കളെ പ്രസവിച്ച് രക്ഷ പ്രാപിക്കും (1 തിമൊ 2:11–15).

ഏത് പുരുഷന്റെയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ, ക്രിസ്തുവിന്റെ തല ദൈവം എന്ന് നിങ്ങൾ അറിയേണം എന്ന് ഞാൻ ആഗ്രഹിക്കുന്നു (1 കൊരി 11:3). ദൈവം പൂർണ്ണ സ്വാതന്ത്ര്യം കൊടുത്ത് വിശ്വസിച്ച് ആക്കിവെച്ച് ഏദൻ പറുദീസയിൽ, ഭർത്താവ് വീട്ടിൽ ഇല്ലാതിരുന്ന സമയം ഒരപരിചിതന് പ്രവേശനം കൊടുത്ത് സംഭാഷണത്തിൽ ഏർപ്പെട്ട് പാപത്തിൽ വീണ്. ദൈവീക കൂട്ടായ്മ നഷ്ടപ്പെടുത്തി കുടുംബജീവിതത്തിന്റെ ഭദ്രത നഷ്ടപ്പെടുത്തിക്കൊണ്ട് ഇനി മേൽ പുരുഷൻ സ്ത്രീയുടെ തല ആയിരിക്കണം എന്നത് ദൈവത്തിന്റെ മാറ്റമില്ലാത്ത വ്യവസ്ഥയാണ്. സുബോധമുള്ള എല്ലാ സ്ത്രീകളും പുരുഷൻ തലയാണ് എന്ന്

പറയുന്നതിൽ അഭിമാനം കൊള്ളുന്നവരാണ്. അതുപോലെ സുബോധമുള്ള ഭർത്താവ് സ്ത്രീയെ അവയവങ്ങളായി കിട്ടിയതിൽ അഭിമാനം കൊള്ളും, സന്തോഷിക്കും. ഇവിടെ വലുപ്പച്ചെറുപ്പമോ, അടിമത്തമോ യജമാനൻ ദാസി എന്ന ഭാവമോ ദുരഭിമാനമോ ഒന്നും വരുന്നില്ല. ദൈവികാനുഗ്രഹത്തിന്റെ ചാലുകളായി ക്രിസ്തുവിന്റെ കൂട്ടുവേലക്കാരായിരിക്കുകയാണ്. അനുഗ്രഹകരമായ കുടുംബജീവിതത്തിൽ കൂടി ദൈവരാജ്യത്തിന്റെ കെട്ടുപണിയിൽ സ്ത്രീയും, പുരുഷനും ഒരുപോലെ ഭാഗഭാക്കാക്കുകയാണ്. ഇവിടെ സൃഷ്ടിയിലെ ദൈവമഹത്വം പ്രകടമാവുകയാണ്.

ഭാര്യമാരെ നിങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പിൻ; അവരിൽ വല്ലവരും വചനം അനുസരിക്കാത്തപക്ഷം ഭയത്തോടുകൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പു കണ്ടറിഞ്ഞ് വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നുവരുവാൻ ഇടയാകും. നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും, പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമെയുള്ളതല്ല; സൗമ്യതയും, സാവധാനതയും ഉള്ള മനസ്സ് എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം. അത് ദൈവസന്നിധിയിൽ വിലയേറിയതാകുന്നു. ഇങ്ങനെയല്ലോ പണ്ട് ദൈവത്തിൽ പ്രത്യാശ വച്ചിരുന്ന വിശുദ്ധസ്ത്രീകൾ തങ്ങളെതന്നെ അലങ്കരിച്ച് ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിക്കുന്നത്. അങ്ങനെ സാറാ അബ്രഹാമിനെ യജമാനൻ എന്ന് വിളിച്ച് അനുസരിച്ചിരുന്നു.

അങ്ങനെതന്നെ ഭർത്താക്കന്മാരെ നിങ്ങളുടെ പ്രാർത്ഥനയ്ക്ക് മുടക്കം വരാതിരിക്കേണ്ടതിന് വിവേകത്തോടെ ഭാര്യമാരോട് കൂടെ വസിച്ച്, സ്ത്രീജനം ബലഹീനപാത്രം എന്നും അവർ ജീവന്റെ കൃപയ്ക്ക് കൂട്ടവകാശികൾ എന്നും ഓർത്ത് ബഹുമാനം കൊടുപ്പിൻ (1 പത്രോസ് 3:1–7). അബ്രഹാമിന്റെ കൂടാര വാതിൽക്കൽ വന്ന മൂന്ന് പുരുഷന്മാരെ അബ്രാഹം വൃക്ഷത്തിന്റെ ചുവട്ടിൽ ഇരുത്തി സാറാ പാചകം ചെയ്ത ഭക്ഷണപാനീയങ്ങൾ വിളമ്പിക്കൊടുത്ത് ശുശ്രൂഷിച്ച് ആദരിച്ചപ്പോൾ നിന്റെ ഭാര്യ എവിടെ എന്ന് അതിഥികൾ ചോദിച്ചതായി നാം വായിക്കുന്നു. അപരിചിതരുടെ മുന്നിൽ പ്രത്യക്ഷപ്പെടാൻ സാറായോ, പ്രദർശിപ്പിക്കപ്പെടാൻ അബ്രാമോ ഇഷ്ടപ്പെട്ടിരുന്നില്ല. എന്നാൽ കൂടാരത്തിൽ മറഞ്ഞിരുന്ന സാറായിൽക്കൂടി അനുഗ്രഹത്തിന്റെ ഉറവകൾ പൊട്ടിപ്പുറപ്പെട്ടതായി നാം കാണുന്നു. ഒരു പുതിയ തലമുറക്ക് ജന്മം കൊടുക്കാൻ ദൈവം സാറായെ കരങ്ങളിൽ എടുത്തു. വിശുദ്ധവേദപുസ്തകം ഒരു സ്ത്രീ, പുരുഷന്റെ അവയവമായിരിക്കുമ്പോൾ കീഴടങ്ങലല്ല പ്രത്യുത സ്നേഹത്തിന്റെ കൂട്ടായ്മയായാണ് പ്രഘോഷിക്കുന്നത്.

ഉല്പത്തി 8:20 ലാണ് യാഗപീഠം അഥവാ, അൾത്താര വേദപുസ്തകത്തിൽ ആദ്യമായി കാണുന്നത്. അങ്ങനെ നോഹയും അവന്റെ പുത്രന്മാരും ഭാര്യയും പുത്രന്മാരുടെ ഭാര്യമാരും പുറത്തിറങ്ങി. എന്നാൽ യാഗപീഠപണിയിലും, യാഗാർപ്പണത്തിലും നോഹയെ മാത്രേ കാണുന്നുള്ളൂ.

യിസ്ഹാക്കിനെ യാഗം കഴിക്കാൻ കൊണ്ടുപോയപ്പോൾ സാറായേക്കൂടി കൊണ്ടുപോയതായി തിരുവചനത്തിൽ കാണുന്നില്ല (ഉല്പത്തി 22:3–19). പഴയനിയമത്തിൽ പതിനാല് ഭാഗത്ത് യാഗപീഠം പണിത് യഹോവയെ ആരാധിച്ചതായി നാം കാണുന്നു. അവിടെ എല്ലാം യാഗപീഠ ശുശ്രൂഷകരായി പുരുഷന്മാരെ മാത്രമേ കാണുന്നുള്ളൂ.

**2. യേശുകർത്താവ് കാണിച്ച മാതൃക :** നമ്മുടെ കർത്താവ് ന്യായപ്രമാണം നീക്കുവാനല്ല നിവർത്തിപ്പാനത്രെ വന്നത്. കർത്താവ് കാണിച്ച മാതൃക വ്യത്യസ്തമായിരുന്നില്ല. പന്ത്രണ്ടു

അപ്പൊസ്തലന്മാരെ തെരഞ്ഞെടുത്തപ്പോൾ ആറ് സ്ത്രീകളെ കൂടെ ആകാമായിരുന്നു. ഇവിടെ സ്ത്രീകളുടെ അഭാവവോ, അപ്രാപ്തിയോ അല്ല പ്രത്യുത ഏദൻതോട്ടത്തിൽ വച്ച് പിതാവായ ദൈവം പുരുഷനാൽ സ്ത്രീ ഭരിക്കപ്പെടും എന്ന് കൽപ്പന കൊടുത്തിരുന്നതുകൊണ്ട് മാത്രമാണ്. നമ്മുടെ കർത്താവ് ഒരു സ്ത്രീ വിദ്വേഷിയായിരുന്നില്ല. കർത്താവിന്റെ പരസ്യശുശ്രൂഷയിൽ സ്ത്രീകളുടെ സാന്നിദ്ധ്യവും പങ്കും വളരെ വിലപ്പെട്ടതായിരുന്നു. ഒരു വലിയ ജനസമൂഹം അവനെച്ചൊല്ലി വിലപിച്ചു. മുറയിടുന്ന അനേക സ്ത്രീകളും അവന്റെ പിന്നാലെ ചെന്നു (ലൂക്കൊ 23:27).

മാർത്തയുടെയും മറിയയുടെയും ശുശ്രൂഷ (യേശുക്രിസ്തു) സ്വീകരിച്ചു. ശമര്യസ്ത്രീയോട് കുടിപ്പാൻ ചോദിച്ചു. പരിമളതൈലം കാലിൽ പൂശി തലമുടികൊണ്ട് തുടപ്പാൻ മറിയയെ അനുവദിച്ചു. പക്ഷെ ശിഷ്യഗണത്തിൽ ഇവരെ ആരെയും ഉൾപ്പെടുത്തിയില്ല. അന്ത്യ അത്താഴത്തിന്റെ സന്ദർഭത്തിൽ സ്ത്രീകളുടെ പങ്കാളിത്തം കാണുന്നില്ല. ഇതിനെ ചോദ്യം ചെയ്യാൻ ശ്രമിക്കാതെ കർത്താവ് കാണിച്ച മാതൃക അനുകരിക്കുന്നതല്ലേ സഭയ്ക്ക് നല്ലത്. മനുഷ്യബുദ്ധിക്ക് മനസ്സിലാക്കാൻ സാധിക്കാത്ത ഏതോ മർമ്മം ഇതിൽ ഉണ്ടെന്ന് മാത്രം ഗ്രഹിക്കുന്നതാണ് നല്ലത്. സ്ത്രീയുടെ കഴിവില്ലായ്മയോ, അശുദ്ധിയോ ഒന്നും ഇവിടെ വിഷയീഭവിക്കുന്നില്ല. സദൃശ്യവാക്യങ്ങൾ 31–ാം അദ്ധ്യായത്തിൽ പറയുന്നത് ഏറ്റം വിലപ്പെട്ട ഒരു മുത്തിനേക്കാൾ വിലയേറിയതാണ് ഒരു സ്ത്രീ എന്നാണ്. ഇവിടെ സ്ത്രീകളുടെ വിലപ്പെട്ട ശുശ്രൂഷകളെപ്പറ്റി വളരെ ഭംഗിയായി വിശദീകരണം തരുന്നുണ്ട്. ഇവിടെ അൾത്താരയിലെ പൗരോഹിത്യ ശുശ്രൂഷയെപ്പറ്റി ഒന്നും പറയുന്നില്ല. റോമാ ലേഖനം 16–ാം അദ്ധ്യായത്തിൽ ഫേബ, അക്വില്ലാസ്, പ്രിസ്കില്ല എന്നീ സ്ത്രീകളെ തന്റെ കൂട്ടുവേലക്കാരായി പൗലോസ് പറയുന്നുണ്ട്. എന്നാൽ തിമൊഥെയോസിന്റെ ലേഖനത്തിൽ ഉപദേശിപ്പാനോ, പുരുഷന്റേമേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ലായെന്ന് കർശനമായി പറഞ്ഞിട്ടുണ്ട്.

**3. സഭയുടെ പാരമ്പര്യം :** ആദിമപുതിയനിയമസഭയുടെ ചരിത്രത്തിലും സ്ത്രീകൾ പുരോഹിതന്മാരോ, ബിഷപ്പുമാരോ ആയിരുന്നതായി കാണുന്നില്ല. അതുകൊണ്ട് തിരുവചനത്തിലോ കർത്താവ് കാണിച്ച മാതൃകയിലൊ, സഭാപാരമ്പര്യത്തിലെ അടിസ്ഥാനമില്ലാത്ത ഒരു ഉപദേശത്തിന് സഭാ നേതൃത്വം കൂട്ടുനിൽക്കുന്നത് സഭയുടെ അസ്ഥിത്വത്തിന് കോട്ടം സംഭവിക്കാനും, അടിത്തറയ്ക്ക് ചലനം ഉണ്ടാക്കുവാനും കാരണമാകും എന്ന് ബന്ധപ്പെട്ടവർ മനസ്സിലാക്കിയാൽ നന്ന്.

അൾത്താരയിലേക്കുള്ള പ്രവേശനത്തിനുള്ള ഈ വിലപേശൽ സുവിശേഷത്തിന്റെ അഭിവൃദ്ധിക്കുവേണ്ടിയുള്ള താൽപ്പര്യത്തിൽ നിന്നോ, ആത്മാക്കളെക്കുറിച്ചുള്ള ഭാരത്തിൽ നിന്നോ അതോ ഞാൻ എന്ന ഭാവത്തിൽ നിന്നുള്ളതോ എന്ന് സാധാരണക്കാരായ സഭാജനങ്ങൾക്ക് അറിയാൻ താൽപര്യം ഉണ്ട്. ഏതായാലും ഇത് ഈറ്റുനോവിന്റെ ആരംഭമാണ്. നമ്മുടെ കർത്താവിന്റെ വരവ് ആസന്നമായിരിക്കുന്നു എന്ന് വിളിച്ചറിയിക്കുകയാണ്.

അന്ത്യകാലത്ത് ദുർഘടസമയങ്ങൾ വരും എന്നറിക. മനുഷ്യർ സ്വസ്നേഹികളും, അഹങ്കാരികളും, ധാർഷ്ഠ്യക്കാരും നിഗളികളുമായി ദൈവപ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരായിക്കും (2 തിമൊ 3:1–7).

പ്രിയദൈവജനമേ, ഇതൊക്കെ കാണുമ്പോൾ സഭ വിട്ടുപോകാം എന്ന തോന്നൽ ഉണ്ടാകരുതേ! പൗരോഹിത്യത്തിൽ വിശ്വസിക്കുന്നില്ല എന്ന് കൊട്ടിഘോഷിക്കുന്ന സഭകകളിൽ ചെല്ലു

മ്പോഴല്ലേ അവിടെ കുപ്പായവും അരക്കെട്ടുമില്ലാത്ത പുരുഷ – സ്ത്രീ പുരോഹിതന്മാരുടെ തേർവാഴ്ചയാണ് നടക്കുന്നത് എന്ന് മനസ്സിലാകുന്നത്.

അതുകൊണ്ട് ഉറങ്ങുന്ന നമുക്ക് ഉണരാം. മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേൽക്കാം. എന്നാൽ ക്രിസ്തു നമ്മുടെ മേൽ പ്രകാശിക്കും. നമ്മുടെ കർത്താവിന്റെ മഹത്വ പ്രത്യക്ഷതയ്ക്കായി നമുക്ക് ഒരുങ്ങാം. ദേശത്തെ ഒരുക്കാം, വിശ്വാസത്തിൽ നിലനിൽക്കാം, പുരുഷത്വം കാണിക്കാം.

ഈ വിഷയത്തെക്കുറിച്ചു പരാമർശിക്കുന്നതിനു മുമ്പായി, സത്യവേദപുസ്തകത്തെക്കുറിച്ചുള്ള നമ്മുടെ വിശ്വാസം എന്തെന്നു ആദ്യം സൂചിപ്പിക്കട്ടെ. എല്ലാം തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസനത്തിനും പ്രയോജനമുള്ളതാകുന്നു (2 തിമൊ 3:16). ഉല്പത്തി പുസ്തകം തുടങ്ങി വെളിപ്പാടു പുസ്തകം വരെയുള്ള 66 പുസ്തകങ്ങളിലേയും എല്ലാ തിരുവെഴുത്തുകളും ദൈവാത്മാവിൽ ദൈവക്കളിലൂടെ ദൈവം നമുക്കു വെളിപ്പെടുത്തിതന്നവയാണ്. ആവ 5:2–ൽ ഞാൻ നിങ്ങളോടു കല്പിക്കുന്ന നിങ്ങളുടെ ദൈവമായ യഹോവയുടെ കല്പനകളെ നിങ്ങൾ പ്രമാണിക്കേണം. ഞാൻ നിങ്ങളോടു കല്പിക്കുന്ന വചനത്തോടു കൂട്ടുകയോ അതിൽ നിന്നു കുറയ്ക്കുകയോ ചെയ്യരുത്.

ഏദൻ തോട്ടത്തിൽ ആദാമിന്നു ദൈവം നൽകിയ കല്പനയോടു അല്പം പോസിറ്റീവായി കൂട്ടിച്ചേർത്തു. ഹവ്വ ആദ്യമായി ദൈവത്തിന്റെ കല്പന ലംഘിച്ചു. ഉല്പത്തി 2:17–ൽ 'എന്നാൽ നന്മ തിന്മകളെക്കുറിച്ചുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്; തിന്നുള്ള നാളിൽ നീ മരിക്കും.' എന്നു ദൈവം കൊടുത്ത കല്പനയിൽ തിന്നരുത്, തൊടുകയുമരുത് എന്നു ദൈവം കല്പിച്ചിട്ടുണ്ടെന്നു പറഞ്ഞു. ഹവ്വാ കൂട്ടിച്ചേർക്കൽ പ്രക്രിയയിലൂടെ അമിത സാമർത്ഥ്യം കാണിച്ചതിന്റെ ഫലം ഇന്നു നാം കണ്ടുകൊണ്ടിരിക്കുകയാണ്.

ദൈവവും വേദപുസ്തകവും സ്ത്രീക്കു ദൈവം കല്പിച്ചുകൊടുത്തിരിക്കുന്ന ഒരു സ്ഥാനമുണ്ട്. ആ സ്ഥാനത്തു നിന്നു ആര് വ്യതിചലിക്കുന്നുവോ അവിടെ പ്രശ്നങ്ങൾ ഉടലെടുക്കും. പുരുഷന്റെ സ്ഥാനം പുരുഷനും സ്ത്രീയുടെ സ്ഥാനം സ്ത്രീയും കാത്തുസൂക്ഷിക്കണം. ദൈവാത്മാവിനു വിധേയമായി ദൈവം പുരുഷനും സ്ത്രീക്കും നൽകിയ ഘടനയെ തച്ചുടയ്ക്കാൻ ശ്രമിക്കുന്നവർ. സാത്താനും എങ്ങനെയാണ് തന്റെ ഘടനയിൽ മാറ്റം വരുത്താൻ ശ്രമിച്ചത് എന്നറിയുന്നത് നല്ലതാണ്. എങ്ങനെ സാത്താൻ രംഗപ്രവേശനം ചെയ്തു? യെഹസ്കേൽ 28:1–19 'യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ: മനുഷ്യപുത്രാ, നീ സോർ പ്രഭുവിനോടു പറയേണ്ടത് യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു: നിന്റെ ഹൃദയം നിഗളിച്ചുപോയി. നീ ദൈവമല്ല, മനുഷ്യൻ മാത്രമായിരിക്കെ ഞാൻ ദൈവമാകുന്നു. ഞാൻ സമുദ്രമദ്ധ്യേ ദൈവാസനത്തിൽ ഇരിക്കുന്നു എന്നു പറഞ്ഞു. നീ ദൈവഭാവം നടിച്ചതുകൊണ്ട് നീ ദാനിയേലിലും ജ്ഞാനിയല്ലോ. നീ അറിതെവണ്ണം മറച്ചുവയ്ക്കാവുന്ന ഒരു രഹസ്യവുമില്ല. നിന്റെ ജ്ഞാനം കൊണ്ടും വിവേകം കൊണ്ടും നീ ധനം സമ്പാദിച്ചു പൊന്നും വെള്ളിയും നിന്റെ ഭണ്ഡാരത്തിൽ സംഗ്രിച്ചുവെച്ചു. നീ മഹാജ്ഞാനം കൊണ്ടു കച്ചവടത്താൽ ധനം വർദ്ധിപ്പിച്ചു. നിന്റെ ഹൃദയം ധനംനിമിത്തം ഗർവ്വിച്ചുമിരിക്കുന്നു. അതുകൊണ്ടുതന്നെ

യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയുന്നു. നീ ദൈവഭാവം നടിക്കയാൽ ഞാൻ ജാതികളിൽ ഉഗ്രന്മാരായ അന്യജാതിക്കാരെ നിന്റെ നേരേ വരുത്തും. അവർ നിന്റെ ജ്ഞാന ശോഭയുടെ നേരേ വാളൂരി നിന്റെ പ്രഭയെ അശുദ്ധമാക്കും. അവർ നിന്നെ കുഴിയിൽ ഇറങ്ങു മാറാക്കും. നീ സമുദ്രമദ്ധ്യേ നിഹതന്മാരെപ്പോലെ മരിക്കും. നിന്നെ കുത്തിക്കൊല്ലുവന്നവന്റെ കൈയിൽ നീ ദൈവമല്ല. മനുഷ്യൻ മാത്രം ആയിരിക്കേ നിന്നെ കൊല്ലുന്നവന്റെ മുമ്പിൽ ഞാൻ ദൈവം എന്നു നീ പറയുമോ? അന്യജാതിക്കാരുടെ കൈയാൽ നീ അഗ്രചർമ്മികളെപ്പോലെ മരിക്കും; ഞാൻ അതു കല്പിച്ചിരിക്കുന്നു എന്നു യഹോവയായ കർത്താവിന്റെ അരുളപ്പാട്.

യഹോവയുടെ അരുളപ്പാട് എനിക്കുണ്ടായതെന്തെന്നാൽ: 'മനുഷ്യപുത്രാ, നീ സോർ രാജാവിനെക്കുറിച്ച് ഒരു വിലാപം തുടങ്ങി അവനോടു പറയേണ്ടത്: യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു! നീ മാതൃകാമുദ്രയാകുന്നു. നീ ജ്ഞാനസമ്പൂർണ്ണനും സൗന്ദര്യ സമ്പൂർണ്ണനും തന്നെ. നീ ദൈവത്തിന്റെ തോട്ടമായ ഏദെനിൽ ആയിരുന്നു. താമ്രമണി, പീത രത്നം, വജ്രം, പുഷ്പരാഗം, ഗോമേദകം, സൂര്യകാന്തം, നീലക്കല്ല്, മാണിക്യം, മരതകം മുത ലായ സകലരത്നങ്ങളും നിന്നെ മൂടിയിരിക്കുന്നു. നിന്നെ തീർത്ത നാളിൽ നിന്നിൽ ഉള്ള തട ങ്ങളുടെയും കൂടുകളുടെയും പണി പൊന്നുകൊണ്ടുള്ളതായിരുന്നു. നീ ചിറകു വിടർത്തി മറ യ്ക്കുന്ന കെരൂബ് ആകുന്നു. ഞാൻ നിന്നെ വിശുദ്ധ ദേവപർവ്വത്തിൽ ഇരുത്തിയിരിക്കുന്നു. നീ അഗ്നിമയരത്നങ്ങളുടെ മദ്ധ്യേ സഞ്ചരിച്ചുപോന്നു. നിന്നെ സൃഷ്ടിച്ച നാൾ മുതൽ നിങ്കൽ നീതികേടു കണ്ടതുവരെ നീ നടപ്പിൽ നിഷ്കളങ്കനായിരുന്നു. നിന്റെ വ്യാപാരത്തിന്റെ പെരുപ്പം നിമിത്തം നിന്റെ അന്തർഭാഗം സാഹസംകൊണ്ടു നിറഞ്ഞു നീ പാപം ചെയ്തു. അതുകൊണ്ട് ഞാൻ നിന്നെ അശുദ്ധൻ എന്ന് എണ്ണി ദേവപർവ്വത്തിൽ നിന്നു തള്ളിക്കളഞ്ഞു. മറയ്ക്കുന്ന കെരൂബേ, ഞാൻ നിന്നെ അഗ്നിമയരത്നങ്ങളുടെ മദ്ധ്യേ നിന്നു മുടിച്ചകളഞ്ഞു. നിന്റെ സൗന്ദര്യം നിമിത്തം നിന്റെ ഹൃദയം ഗർവ്വിച്ചു. നിന്റെ പ്രഭ നിമിത്തം നീ നിന്റെ ജ്ഞാനത്തെ വഷളാക്കി. ഞാൻ നിന്നെ നിലത്തു തള്ളിയിട്ടു. രാജാക്കന്മാർ നിന്നെ കണ്ടു രസിക്കത്തവണ്ണം നിന്നെ അവരുടെ മുമ്പിൽ ഇട്ടുകളഞ്ഞു. നിന്റെ അകൃത്യബാഹുല്യംകൊണ്ടും നിന്റെ വ്യാപാരത്തിന്റെ നീതികേടുകൊണ്ടും നീ നിന്റെ വിശുദ്ധമന്ദിരങ്ങളെ അശുദ്ധമാക്കി. അതുകൊണ്ട് ഞാൻ നിന്റെ നടുവിൽ നിന്ന് ഒരു തീ പുറപ്പെടുവിക്കും. അതു നിന്നെ ദഹിപ്പിച്ചുകളയും. നിന്നെ കാണുന്ന ഏവരുടെയും മുമ്പിൽ ഞാൻ നിന്നെ നിലത്തു ഭസ്മമാക്കിക്കളയും. ജാതികളിൽ നിന്നെ അറി യുന്നവരെല്ലാവരും നിന്നെ കണ്ട് സ്തംഭിച്ചു പോകും. നിനക്കു ശീഘ്രനാശം ഭവിച്ചിട്ട് നീ സദാകാലത്തേക്കും ഇല്ലാതെയാകും.'

സ്ത്രീകൾ അൾത്താരശുശ്രൂഷകളിൽ പങ്കാളിത്തം വഹിക്കുന്ന വിഷയത്തെക്കുറിച്ചു കുറേ പുരുഷന്മാരോടും സ്ത്രീകളോടും സംസാരിച്ചപ്പോൾ അവരിൽ നിന്നും ലഭിച്ച അഭിപ്രാ യങ്ങൾ പറഞ്ഞിട്ടു തുടർന്നു ഈ വിഷയത്തെ പരാമർശിക്കാം.

പല പുരുഷന്മാരും സ്ത്രീകളും ഉയർത്തിയ വാദഗതികൾ : 'ഇന്ദിരാഗാന്ധി ഇന്ത്യ ഭരിച്ച ധീരവനിതയല്ലയോ? അതുപോലൊരു പ്രധാനമന്ത്രിയെ ഈ ഇന്ത്യാരാജ്യം കണ്ടിട്ടുണ്ടോ? കഴിവും പ്രാപ്തിയുമുള്ളവർ രംഗത്തുവന്നാൽ ആകാശം ഇടിഞ്ഞുവീഴുമോ? കഴിവും സാമർത്ഥ്യ മുള്ളവർ രംഗത്തു വരട്ടെ. ഉയർത്തെഴുന്നേറ്റ യേശു കർത്താവിനെ സാക്ഷീകരിക്കാൻ ധൈര്യവും ഭാഗ്യവും ഉണ്ടായതു സ്ത്രീകൾക്കല്ലയോ? എല്ലാവരും രാജകീയ പുരോഹിതവർഗ്ഗം ആകു

മ്പോൾ എന്തിന് ഈ വേർതിരിവ് (1 പത്രൊസ് 2:9) കാണിക്കുന്നു? ഇപ്പോഴത്തെ പുരുഷശുശ്രൂഷകന്മാരെക്കാൾ സ്ത്രീകൾ വരുന്നതുതന്നെയാണ് നല്ലത്. നന്നായി സംസാരിക്കാനും വചനപരിജ്ഞാനവുമുള്ള എത്രയോ സ്ത്രീകൾ ഇന്നു നമ്മുടെ മഹായിടവകകളിലുണ്ട്. വേദശാസ്ത്രത്തിൽ ബിരുദവും ഡോക്ടറേറ്റും ഉള്ളവർ. അവർ വന്നാൽ എന്താ കുഴപ്പം? പുരുഷന്മാരെക്കാൾ ജനത്തെ ആകർഷിക്കാനും ഹൃദയനൊമ്പരങ്ങൾ അറിയാനും സ്ത്രീകൾക്കു പ്രത്യേക കഴിവില്ലയോ? പുരുഷന്മാരുടെ താൻപോരിമയും ധാർഷ്ട്യവും പുരുഷമേധാവിത്തവും സഭയെ പുറകോട്ടടിക്കുമ്പോൾ സ്ത്രീകൾ രംഗത്തു വരുന്നതു സഭയുടെ നല്ല ഭാവിക്കു ആവശ്യമാണ്. ക്രിസ്തുവിൽ ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുവേശുവിൽ ഒന്നത്രേ (ഗലാത്യർ 3:28) അതുകൊണ്ട് സ്ത്രീകൾക്കും സമത്വം ഉണ്ട്. അവരെ മാറ്റി നിർത്തുന്നത് വചനവിരുദ്ധമാണ്. പുരുഷമേധാവിത്വം അവസാനിപ്പിക്കാൻ കാലമായി. പുരുഷന്മാരോടു കിടപിടിക്കാൻ തക്കവണ്ണമോ അതിലധികമോ എന്ന നിലയിൽ ഇന്നു സ്ത്രീകൾ എത്തിക്കഴിഞ്ഞു. അധികനാൾ ഇതു അടക്കിനിർത്താൻ ജനം സമ്മതിക്കില്ല. പുരോഗമന ചിന്താഗതികളെ നിയന്ത്രിച്ചാൽ വലിയ പൊട്ടിത്തെറികൾ ഉണ്ടാകും. ഇങ്ങനെ പോകുന്നു സ്ത്രീ പൗരോഹിത്യവാദികളുടെ പ്രതികരണങ്ങൾ.

മറ്റൊരു കൂട്ടരുടെ പ്രതികരണം : 'ആന്ധ്രയിലും തമിഴ്നാട്ടിലും സൗത്ത് കേരളയിലും ഒക്കെ ഇതു നടക്കും. സെൻട്രൽ കേരള – മദ്ധ്യകേരളത്തിൽ ഞങ്ങൾ അനുവദിക്കില്ല. സഭയിൽ വലിയ പ്രശ്നങ്ങൾക്കു ഇടയാക്കും. സഭ തന്നെ പിളർന്നെന്നു വരും. ഞങ്ങൾ സഭകൾ വിട്ടു മറ്റു സഭകളിലേക്കു പോകേണ്ടിവരും. എന്റെ ഇടവകയിൽ അങ്ങനെ ഒരു **'അച്ചി'** വന്നാൽ അന്നു ഞാൻ എന്റെ ഇടവക മാറും. എന്റെ കുടുംബത്തെ സന്ദർശിക്കാൻ അങ്ങനെയൊരു **'അച്ചി'** വന്നാൽ ഞാൻ വീട്ടിൽ കയറ്റില്ല.'

അങ്ങനെ **'അച്ചി'** യെ ഞങ്ങൾ ഇടവകയായി ബഹിഷ്ക്കരിക്കും. ഇന്നു യാക്കോബാ ഓർത്തഡോക്സ് സഭയിൽ നടക്കുന്ന കയ്യാംകളികൾക്കു ഇവിടെയും തുടക്കം കുറിക്കും. നേതൃത്വസ്ഥാനത്തിരിക്കുന്നവർ കെട്ടിയിറക്കുന്ന എല്ലാ ചുമടുകളും ചുമക്കുന്ന കഴുതകളല്ല ഞങ്ങൾ. ഞങ്ങൾ ശക്തമായി പ്രതികരിക്കും. സഭയ്ക്കു പുറത്തുള്ളവരും പുരോഗമന ചിന്താഗതിക്കാരും സഭയിലേക്കു നുഴഞ്ഞുകയറും. സഭ യുദ്ധക്കളമായി മാറും. സമാധാനപ്രിയർ പുതുവഴികൾ തേടും.

ഈ വിഷയത്തെക്കുറിച്ചുള്ള കുറേ ആളുകളുടെ വികാരവിചാരപ്രകടനമാണ് മുകളിൽ സൂചിപ്പിച്ചത്.

ഇനി തിരുവചനം ഇതിനെക്കുറിച്ച് എന്തു പറയുന്നു എന്ന് നോക്കാം. തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ പ്രതികരിച്ചവർ അല്ലായിരുന്നു ഈ ആളുകൾ. അവരുടെ വാദഗതികൾ ബാലിശമായിരുന്നു. ഇന്ദിരാഗാന്ധിക്കു സഭയോടും ബൈബിളിനോടും യേശുകർത്താവിനോടും എന്തു ബന്ധമാണുള്ളത്. അവർ പുരോഹിത അല്ല, രാഷ്ട്രീയ നേതാവും രാഷ്ട്രത്തിന്റെ നേതാവുമായിരുന്നതു ഇന്ത്യൻ ഭരണഘടന അവർക്കു നൽകിയ അവകാശത്തിന്റെ പുറത്താണ്. ബൈബിൾ ആകുന്ന നമ്മുടെ ഭരണഘടനയിൽ സ്ത്രീകൾക്കു പൗരോഹിത്യ ശുശ്രൂഷയ്ക്കു അവകാശം നല്കുന്നില്ല. കഴിവും പ്രാപ്തിയും അല്ല നമ്മുടെ മാനദണ്ഡം. ദൈവത്തിന്റെ അനുവാദമാണാവശ്യം. ദൈവം പഴയ നിയമത്തിലോ പുതിയ നിയമത്തിലോ സ്ത്രീകളെ അങ്ങനെ

നിയോഗിച്ചിട്ടുണ്ടോ? ലോകത്തിന്റെ ആത്മാവിൽ അല്ലാതെ പരിശുദ്ധാത്മാവിന്റെ ആലോചന യാൽ ഇപ്രകാരം സ്ത്രീ പൗരോഹിത്യത്വത്തെക്കുറിച്ചു ചിന്തിക്കാനോ തീരുമാനിക്കാനോ ആർക്കും സാദ്ധ്യമല്ല. ദൈവം അനുവദിക്കാത്ത കാര്യത്തെ മറ്റു എന്തെല്ലാം വാദഗതികൾ നിരത്തി ആരെല്ലാം ; മോഡറേറ്ററോ ബിഷപ്പോ ആയാൽ പോലും സാധൂകരിക്കാൻ ശ്രമിച്ചാൽ ആ വ്യക്തി ദൈവത്തോടു മത്സരിക്കയാണ് ചെയ്യുന്നത്. അങ്ങനെ ദൈവത്തോടു മത്സരിക്കുന്നവരുടെ നിലപാടിനും നിർദ്ദേശങ്ങൾക്കും ആമേൻ പറയാൻ സഭാജനങ്ങൾക്ക് ബുദ്ധിമുട്ടാകും.

ഇനി സ്ത്രീ പൗരോഹിത്യത്തിന്റെ ആഴങ്ങളിലേക്കു പോകുന്നതിനു മുമ്പ് ദൈവം തന്റെ പദ്ധതികളിൽ പ്രകാരം വച്ചിരിക്കുന്ന മനുഷ്യന്റെ ഘടന എങ്ങനെയാണെന്നു നോക്കാം. 'എന്നാൽ ഏതു പുരുഷന്റെയും തല ക്രിസ്തു. സ്ത്രീയുടെ തല പുരുഷൻ. ക്രിസ്തുവിന്റെ തല ദൈവം എന്നു നിങ്ങൾ അറിയേണം.' (1 കൊരി 11:3) ഇന്നു പരിസ്ഥിതിയിൽ മനുഷ്യൻ കാട്ടികൂട്ടിയ വൈകൃതങ്ങൾ കാരണം ലോകം അനുഭവിക്കുന്ന ദുരിതങ്ങൾ വർണ്ണനാതീതമാണല്ലോ. അതിനെക്കാൾ ഭീകരമായിരിക്കും പുരുഷന്റെ തല ക്രിസ്തുവായിരിക്കേ അവിടെ സ്ത്രീയെ പ്രതിഷ്ഠിച്ചാൽ സംഭവിക്കുന്നത്. സ്ത്രീയുടെ കഴുത്തായി പുരുഷൻത്തീർന്നാൽ ഉള്ള സ്ഥിതി വളരെ ശോചനീയമാണ്. എന്നാൽ പല പുരുഷകേസരിമാർക്കും സ്ത്രീയുടെ പാദമായി തീരുവാനും നാണമില്ലാത്ത സ്ഥിതിയുണ്ടെന്നതും ദുഃഖകരമാണ്. നാട്ടിൽ പറയുന്ന ഒരു ചൊല്ലുണ്ട് : 'അവിടുത്തെ അങ്ങേര് അവരാണ്.' ഇതു ഏദൻതോട്ടത്തിൽ സംഭവിച്ചു. 'ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിക്കാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചുതിന്നു ഭർത്താവിനും കൊടുത്തു. അവനും തിന്നു. യഹോവയായ ദൈവം പുരുഷനോടു 'തിന്നരുതെന്നു ഞാൻ നിന്നോടു കല്പിച്ച വൃക്ഷഫലം നീ തിന്നുവോ?' അതിനു മനുഷ്യൻ : 'എന്നോടു കൂടെയിരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷഫലം തന്നു; ഞാൻ തിന്നുകയും ചെയ്തു എന്നു പറഞ്ഞു.' (ഉല്പത്തി 3:6-12). ദൈവം വച്ചിരുന്ന ഘടന തെറ്റിച്ച സ്ത്രീ പുരുഷനെ താഴെയിറക്കി തലയിൽ കയറിയപ്പോൾ ഉണ്ടായ ഭരണം എത്ര ഭീകരമായിരുന്നു. സ്ത്രീയോടു അവൾ ചെയ്തതിന്റെ പരിണിതഫലം ദൈവം തുടർന്നു വിവരിക്കുന്നു. 'ഞാൻ നിനക്കു കഷ്ടവും ഗർഭധാരണവും ഏറ്റവും വർദ്ധിപ്പിക്കും; നീ വേദനയോടെ മക്കളെ പ്രസവിക്കും; നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോട് ആകും; അവൻ നിന്നെ ഭരിക്കും.' (ഉല്പത്തി 3:16). സ്ത്രീയാണല്ലോ ഏദൻതോട്ടത്തിൽ ഭരണം ഏറ്റെടുത്ത് തീരുമാനങ്ങൾ നടപ്പാക്കിയതു. നാം, നമ്മൾ എന്നതു മാറി 'നീയും ഞാനും' എന്ന അവസ്ഥയിൽ ഭിന്നത വന്നപ്പോൾ നഗ്നരായി. നാണം തോന്നി ഒളിക്കാൻ ശ്രമിച്ച മനുഷ്യൻ ദൈവം സൃഷ്ടിയിൽ ക്രമീകരിച്ചിരുന്ന ഘടനയെ അട്ടിമറിച്ചു.

സ്ത്രീക്കും പുരുഷനും ദൈവമുമ്പാകെ ആണെന്നോ പെണ്ണെന്നോ വ്യത്യാസമില്ലായെങ്കിൽ പിന്നെ എന്തേ പുരുഷന്മാർ പ്രസവിക്കാത്തത്? പുരുഷന്മാരും മുലയൂട്ടി കുഞ്ഞുങ്ങളെ വളർത്താത്തത്? ചില സ്ത്രീ പൗരോഹിത്യവാദികൾ പറഞ്ഞു, അതിനുള്ള ഗവേഷണങ്ങളും അണിയറയിൽ നടക്കുന്നുണ്ടെന്നു പറഞ്ഞപ്പോൾ തന്നെ, ദൈവത്തോടുള്ള അവരുടെ മത്സരവും മറുതലിപ്പും എത്ര ശക്തമാണെന്നു നമുക്കു ഊഹിക്കാവുന്നതേയുള്ളൂ. സ്ത്രീ പുരുഷന്റെ തേജസ്സ് ആകുന്നു (1 കൊരി 11:7). ഘടനയിൽ മാറ്റം വന്നാൽ സ്ത്രീയുടെ തേജസ്സ്

നഷ്ടപ്പെടുകയും നഷ്ടപ്പെടുത്തുകയും ആണ് ചെയ്യുന്നത്. ഒരിക്കൽ 'അച്ചി' ആയിത്തീർന്ന ഒരു വ്യക്തിയെക്കുറിച്ചൊരാൾ പറഞ്ഞു: 'അച്ചി' ആയിത്തീരുന്നതിനുമുൻപ് ഞങ്ങൾക്കൊരു ബഹുമാനമുണ്ടായിരുന്നു. ഇപ്പോൾ കാണുന്നതു തന്നെ അപമാനവും വൈകൃതവുമാണ്. ദൈവം നൽകിയ തേജസ്സിനെ എന്തിന് നഷ്ടപ്പെടുത്തണം എന്നെങ്കിലും സഹോദരിമാർ ചിന്തിക്കണം. പുരുഷൻ (മനുഷ്യൻ) ഏകനായിരിക്കുന്നതു നന്നല്ലായെന്നു കണ്ടു അവന്നു തക്കതായ തുണയെ ഉണ്ടാക്കിക്കൊടുത്ത ചരിത്രത്തെ അപ്പൊസ്തലനായ പൗലൊസ് വിവരിക്കുന്നത്. 'പുരുഷൻ സ്ത്രീയിൽ നിന്നല്ലല്ലോ സ്ത്രീ പുരുഷനിൽ നിന്നത്രേ ഉണ്ടായത്. പുരുഷൻ സ്ത്രീക്കായിട്ടില്ല സ്ത്രീ പുരുഷനായിട്ടത്രേ സൃഷ്ടിക്കപ്പെട്ടത്.' **സമത്വം സമത്വം** എന്നു വാദിച്ചു തലയിൽ കയറിയാൽ തല എവിടെപ്പോകും. അങ്ങനെ തലയിൽ കയറിയപ്പോൾ ആണല്ലോ, 'സ്ത്രീയുടെ സന്തതി തലയെ തകർക്കും' എന്നു യഹോവയായ ദൈവം തലയാകാൻ ശ്രമിച്ച സാത്താനോടു പറഞ്ഞത് (ഉല്പത്തി 3:15).

എന്താ സാത്താനായിതീർന്നവന്റെ പൂർവ്വചരിത്രം. എല്ലാംകൊണ്ടും പരമയോഗ്യനല്ലെ. 'നീ മാതൃകാ മുദ്രയാകുന്നു. നീ ജ്ഞാനസമ്പൂർണ്ണനും സൗന്ദര്യസമ്പൂർണ്ണനും തന്നേ. നീ ദൈവത്തിന്റെ തോട്ടമായ ഏദനിൽ ആയിരുന്നു. താമ്രമണി, പീതരത്നം, വജ്രം, പുഷ്പരാഗം, ഗോമേദകം, സൂര്യകാന്തം, നീലക്കല്ല്, മാണിക്യം, മരതകം മുതലായ സകലരത്നങ്ങളും നിന്നെ മൂടിയിരുന്നു. നിന്നെ തീർത്തനാളിൽ നിന്നിൽ ഉള്ള തടങ്ങളുടെയും കൂട്ടുകളുടെയും പണി പൊന്നുകൊണ്ടുള്ളതായിരുന്നു. നീ ചിറകുവിടർത്തു മറെക്കുന്ന കെരൂബ് ആകുന്നു. ഞാൻ നിന്നെ വിശുദ്ധ ദേവപർവ്വതത്തിൽ ഇരുത്തിയിരുന്നു. നീ അഗ്നിമയരത്നങ്ങളുടെ മദ്ധ്യേ സഞ്ചരിച്ചുപോന്നു. നിന്നെ സൃഷ്ടിച്ച നാൾ മുതൽ നിന്നിൽ നീതികേടു കണ്ടതുവരെ നീ നടപ്പിൽ നിഷ്കളങ്കനായിരുന്നു. നിന്റെ വ്യാപാരത്തിന്റെ പെരുപ്പം നിമിത്തം നിന്റെ അന്തർഭാഗം സാഹസം കൊണ്ടു നിറഞ്ഞു. നീ പാപം ചെയ്തു. നിന്റെ സൗന്ദര്യം നിമിത്തം നിന്റെ ഹൃദയം ഗർവ്വിച്ചു. നിന്റെ പ്രഭനിമിത്തം നീ നിന്റെ ജ്ഞാനത്തെ വഷളാക്കി (യെഹ 28:12-17) അരുണോദയ പുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തു നിന്നു വീണു! ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വെയ്ക്കും. ഉത്തരദിക്കിന്റെ അതൃത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും. ഞാൻ മേഘാന്തരങ്ങൾക്കു മീതെ കയറും. ഞാൻ അത്യുന്നതനോടു സമനാകും എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞത്.' (യെശ 14:12-14).

ഇവിടെ ശ്രദ്ധിച്ചാൽ നിരവധി കാര്യങ്ങൾ നമുക്കു പഠിക്കാൻ കഴിയും. കഴിവും സാമർത്ഥ്യവും ജ്ഞാനവും ബുദ്ധിയും സൗന്ദര്യവും സ്വാധീനവും അംഗീകാരവും ഉണ്ടെന്നു ബോദ്ധ്യമായാൽ ദൈവത്തെപ്പോലും വെല്ലുവിളിക്കാൻ കഴിയുന്ന സാത്താൻ, അവന്റെ ആത്മാവിന്റെ സ്വാധീനത്തിൽ അകപ്പെട്ടവരെക്കൊണ്ടും ഈ വെല്ലുവിളികൾ നടത്തിക്കാൻ കഴിയും. ഈ പോരാട്ടം 'ജഡരക്തങ്ങളോടല്ല. വാഴ്ചകളോടും അധികാരങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ.' (എഫെ 6:12). ഇതു സാത്താന്റെ തന്ത്രങ്ങൾ ആണെന്നു ദൈവജനം തിരിച്ചറിയണം. സ്ത്രീ പൗരോഹിത്യ വാദികളായ സഹോദരിമാർ ശാന്തമായി ദൈവസന്നിധിയിൽ ഇരുന്നു ചിന്തിക്കണം. ഞങ്ങൾക്കും വചനം അറിയാം. പ്രസംഗിക്കാൻ പ്രാപ്തിയുണ്ട്, സ്വാധീനിക്കാൻ കഴിവുണ്ട്. വാക്ചാതുര്യം ഉണ്ട്. വേദശാസ്ത്രത്തിൽ ഡിഗ്രികൾ ഉണ്ട്. ബുദ്ധിയുണ്ട്. സൗന്ദര്യമുണ്ട്. പിന്നെ ഞങ്ങൾക്കും ആയിക്കൂടെ? ഈ ചിന്തകൾ സഹോദരിമാരെ, നിങ്ങളെ സ്വാധീനിക്കുന്നു എങ്കിൽ മുകളിൽ പരാമർശിക്കപ്പെട്ട ഏദൻതോട്ടത്തിലായിരുന്ന സർവ്വസമ്പൂർണ്ണനായവന്റെ ആത്മാവിൽ നിങ്ങൾ കുടുങ്ങിപ്പോയി എന്നതാണ് സത്യം.

യിസ്രായേലിന്റെ ഒന്നാമത്തെ രാജാവായിരുന്ന ശൗലിന്റെ പരാജയകാരണങ്ങളിൽ ഒന്നു ദൈവം തന്നെ ആക്കിയിരുന്ന സ്ഥാനത്തു നിന്നും അധികാരപരിധിയിൽ നിന്നും മാറിപ്പോയതാണ്. 'ശമുവേൽ നിശ്ചയിച്ചിരുന്ന അവധി അനുസരിച്ച് അവൻ ഏഴുദിവസം കാത്തിരുന്നു എങ്കിലും ശമുവേൽ ഗില്ഗാലിൽ എത്തിയില്ല. ജനം ശൗലിനെ വിട്ടു ചിതറിപ്പോയി. അപ്പോൾ ശൗൽ ഹോമയാഗവും സമാധാനയാഗവും ഇവിടെ എന്റെ അടുക്കൽ കൊണ്ടുവരുവിൻ എന്നു കല്പിച്ചു. ഹോമയാഗം കഴിച്ചു തീർന്ന ഉടനെ ഇതാ, ശമുവേൽ വരുന്നു. ശൗൽ ശമുവേലിനെ വന്ദനം ചെയ്യാൻ എഴുന്നേറ്റു ചെന്നു. നീ ചെയ്തത് എന്ത് എന്ന് ശമുവേൽ ചോദിച്ചു. അതിനു ശൗൽ ജനം എന്നെ വിട്ടു ചിതറുന്നു എന്നും നിശ്ചയിച്ച അവധിക്കു നീ എത്തിയില്ല എന്നും ഫെലിസ്ത്യർ മിക്മാസിൽ കൂടിയിരിക്കുന്നു എന്നും ഞാൻ കണ്ടിട്ടു ഫെലിസ്ത്യർ ഇപ്പോൾ ഇങ്ങു ഗില്ഗാലിൽ വന്നു എന്നെ ആക്രമിക്കും. ഞാൻ കൃപക്കായി യഹോവയോടു അപേക്ഷിച്ചതുമില്ലല്ലോ എന്നുവെച്ചു ഞാൻ ധൈര്യപ്പെട്ടു ഹോമയാഗം കഴിച്ചുപോയി എന്നു പറഞ്ഞു. ശമുവേൽ ശൗലിനോടു പറഞ്ഞത് നീ ചെയ്തതു ഭോഷത്വം. നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ച കല്പന നീ പ്രമാണിച്ചില്ല. യഹോവ യിസ്രായേലിന്മേൽ നിന്റെ രാജത്വം എന്നേക്കുമായി സ്ഥിരമാക്കുമായിരുന്നു. ഇപ്പോഴോ നിന്റെ രാജത്വം നിലനിൽക്കയില്ല." ശൗൽ ചെയ്തത് ആത്മീയ ശുശ്രൂഷയല്ലയോ? ദൈവത്തിന്റെ ഘടനയെ തെറ്റിച്ചതാണ് ഇവിടുത്തെ പ്രസക്തമായ കാര്യം. യാഗം നടത്താനുള്ളവൻ നടത്തണം. നിയോഗിക്കപ്പെടാത്തവൻ ദൈവആലോചന ചോദിച്ചില്ല എന്നു തിരിച്ചറിഞ്ഞവൻ അതിധൈര്യം കാണിച്ചു. ഫലം വീഴ്ചകളുടെ നിരവധി പടികളിലൂടെ കുടുംബമായി ഭൂമുഖത്തുനിന്നു തുടച്ചുമാറ്റപ്പെട്ടു.

2 ശമുവേൽ 6–ാം അദ്ധ്യായത്തിലെ മറ്റൊരു സംഭവം കൂടി പരാമർശിക്കട്ടെ. ദൈവത്തിന്റെ പെട്ടകം കാളവണ്ടിയിൽ കൊണ്ടു വരുമ്പോൾ അബിനാദാബിന്റെ പുത്രൻ ഉസ്സാ കാള വിരണ്ടു പെട്ടകം നിലത്തു വീഴാതിരിപ്പാൻ കൈനീട്ടി പെട്ടകം പിടിച്ചു. ഞാനായാലും നിങ്ങളായാലും ചെയ്തുപോകുന്ന കാര്യം. അപ്പോൾ യഹോവയുടെ കോപം ഉസ്സായുടെ നേരേ ജ്വലിച്ചു. ഉസ്സായുടെ അവിവേകം നിമിത്തം ദൈവം അവിടെവെച്ചു ഉസ്സായെ സംഹരിച്ചു (2 ശമു 6:1–7). ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിൽ എന്താണ് തെറ്റെന്ന് ചോദിക്കുന്നവർ ഈ സംഭവത്തെക്കുറിച്ച് എന്തു പറയും? ദൈവത്തിന്റെ പെട്ടകം എങ്ങനെ എപ്രകാരം ആരൊക്കെ കൈകാര്യം ചെയ്യണം എന്ന ദൈവത്തിന്റെ കല്പന ലംഘിച്ചപ്പോൾ സംഭവിച്ച അതിദാരുണമായ ഉസ്സായുടെ അന്ത്യം ആരെയും ദുഃഖിപ്പിക്കുന്നതാണ്.

മറ്റൊരു സംഭവം കൂടി ദൈവാത്മാവ് മനസ്സിലേക്കു കൊണ്ടു വന്നതു ഓർമ്മിപ്പിക്കട്ടെ. യെരുശലേമിൽ 52 വർഷക്കാലം സ്തുത്യർഹമായി രാജാവായി വാണ ശ്രേഷ്ഠനായ രാജാവായിരുന്നല്ലോ ഉസ്സിയാവ്. യഹോവയ്ക്കു പ്രസാദമായതുപോലെ രാജഭരണം നടത്തിവന്ന ഉസ്സിയാവും പ്രബലനും ശ്രുതിപ്പെട്ടവനുമായിത്തീർന്നു. എന്നാൽ അവൻ ബലവാനായപ്പോൾ അവന്റെ ഹൃദയം അവന്റെ നാശത്തിനായിട്ടു നിഗളിച്ചു. അവൻ തന്റെ ദൈവമായ യഹോവയോടു കുറ്റം ചെയ്തു ധൂപപീഠത്തിന്മേൽ ധൂപം കാട്ടുവാൻ യഹോവയുടെ ആലയത്തിൽ കടന്നുചെന്നു. അസര്യാ പുരോഹിതനും അവനോടു കൂടെ ധൈര്യശാലികളായ എൺപതു പുരോഹിതന്മാരും അവന്റെ പിന്നാലെ അകത്തു ചെന്നു ഉസ്സിയാ രാജാവിനെ തടുത്തു അവനോടു: ഉസ്സിയാ രാജാവേ, യഹോവെക്കു ധൂപം കാട്ടുന്നതു നിനക്കു വിഹിതമല്ല; ധൂപം കാട്ടുവാൻ

വിശുദ്ധീകരിക്കപ്പെട്ട അഹരോന്യന്മാരായ പുരോഹിതന്മാർക്കത്രേ; വിശുദ്ധമന്ദിരത്തിൽ നിന്നു പൊയ്ക്കോൾക. ലംഘനമാകുന്നു നീ ചെയ്തിരിക്കുന്നത്. അതു നിന്റെ ദൈമായ യഹോവ യുടെ മുമ്പാകെ നിനക്കു മാനമായിരിക്കയില്ല എന്നു പറഞ്ഞു. ധൂപം കാട്ടുവാൻ കയ്യിൽ ധൂപ കലശം പിടിച്ചിരിക്കെ ഉസ്സിയാവ് കോപിച്ചു. അവൻ പുരോഹിതന്മാരോട് കോപിച്ചുകൊണ്ടിരി ക്കയാൽ തന്നേ യഹോവയുടെ ആലയത്തിൽ ധൂപപീഠത്തിന്റെ അരികെ വെച്ചു പുരോഹിത ന്മാർ കാൺകെ അവന്റെ നെറ്റിമേൽ കുഷ്ഠം പൊങ്ങി. അങ്ങനെ ഉസ്സിയാരാജാവ് ജീവപര്യന്തം കുഷ്ഠരോഗിയായി ജീവിച്ചു.

സഹോദരിമാർ അല്പം ജാഗ്രതയോടെ വേണം കാര്യങ്ങൾ കാണാനും തീരുമാനങ്ങൾ എടുക്കാനും. എന്റെ ഒരു നിഗമനം ഹവ്വായുടെ നടപടികൾ വളരെ ദൂരവ്യാപകമായ പ്രത്യാ ഘാതങ്ങൾ ചരിത്രത്തിൽ ഉളവാക്കിയിട്ടുണ്ട് എന്നാണ്. മോശെയുടെ സഹോദരി മിര്യാമിന്റെ കാര്യവും മറക്കണ്ട. മോശെ ഒരു കൂശ്യാ സ്ത്രീയെ വിവാഹം ചെയ്തിരുന്നതുകൊണ്ടു കൂശ്യാസ്ത്രീ നിമിത്തം മിര്യാമും അഹരോനും മോശെക്കു വിരോധമായി സംസാരിച്ചു. യഹോവ മോശെ മുഖാന്തിരം മാത്രമേ അരുളി ചെയ്തിട്ടുള്ളുവോ? എന്നു പറഞ്ഞു. യഹോവ അതു കേട്ടു. തുടർന്നു ദൈവത്തിന്റെ രസകരമായ ഇടപെടൽ സംഖ്യാപുസ്തകം 12–ാം അദ്ധ്യായത്തിൽ വായിക്കുക. തുടർന്നു നാം കാണുന്നതു മിര്യാമിനു കുഷ്ഠം പിടിപെട്ടു. ചോദിക്കൂ ഇവിടെ അഹരോനും തുല്യമായ ശിക്ഷ ലഭിക്കേണ്ടതല്ലയോ? ലഭിച്ചില്ലല്ലോ. എന്തുകൊണ്ട്? മറ്റൊരു സംഭവം ഉല്പത്തി പുസ്തകത്തിൽ അബ്രഹാമിന്റെയും സാറായുടെയും കാര്യത്തിലാണ്. മക്ക ളില്ലാതിരുന്ന അബ്രഹാമിനോടും സാറായോടും ദൈവം പറയുന്നു നിങ്ങൾക്ക് മക്കൾ ഉണ്ടാ കും. നൂറുവയസ്സുള്ള അബ്രഹാമിനും തൊണ്ണൂറു വയസ്സുള്ള സാറായ്ക്കും. അബ്രഹാമിന്റെ പ്രതികരണം ഉല്പത്തി 17:7 'അപ്പോൾ അബ്രഹാം കമിഴ്ന്നു വീണു ചിരിച്ചു.' ദൈവംതമ്പു രാൻ അബ്രഹാമിന്റെ ചിരിയെ ചോദ്യം ചെയ്തില്ല. ഉല്പത്തി 18:12. ആകയാൽ 'സാറാ ഉള്ളു കൊണ്ടു ചിരിച്ചു.' ദൈവംതമ്പുരാൻ ഈ ചിരിയെ ചോദ്യം ചെയ്തു. 'സാറാ ചിരിച്ചത് എന്ത്? സാറായുടെ ഉത്തരം ഇല്ല ഞാൻ ചിരിച്ചില്ല എന്നു പറഞ്ഞു. അങ്ങനെയല്ല; നീ ചിരിച്ചു എന്നു ദൈവം പറഞ്ഞു. എന്താ ഇങ്ങനെ? ദൈവത്തിന് ഒരല്പം വേർതിരിവുണ്ടോ? താല്പര്യമുള്ള വർ റിസർച്ചു നടത്തി ഒരു ഡോക്ടറേറ്റ് കരസ്ഥമാക്കൂ. പേരിനു മുമ്പിൽ ഒരു അലങ്കാരമായി കൊണ്ടുനടക്കാം. സ്ത്രീപൗരോഹിത്യ വാദികളിൽ ചിലർ ചോദിച്ചു ദൈവം വച്ചിരിക്കുന്ന ഘടന അട്ടിമറിച്ചിട്ടു ഇന്നാർക്കും കുഷ്ഠവും മരണവും സംഭവിക്കുന്നില്ലല്ലോ. അപ്പോൾ ഇന്നു ദൈവം അതെല്ലാം അംഗീകരിച്ചു എന്നു കരുതരുതോ? രസകരമായ ചോദ്യം. അനന്യാസിനെയും സഫീ രയെയും നമുക്കു ചരിചയമുണ്ടല്ലോ. എല്ലാം വിറ്റിട്ടു കാശുമായി അപ്പൊസ്തലന്മാരുടെ മുമ്പിൽ വ്യാജം പറഞ്ഞപ്പോൾ വീണു മരിച്ചവർ. ഇന്നു ഈ കാലഘട്ടത്തിൽ ദൈവം അങ്ങനെ ന്യായ വിധി നടത്തിയാൽ 24 മണിക്കൂറും 365 1/4 ദിവസവും സെമിത്തേരിയിലെ ശുശ്രൂഷകൾ ഇടമു റിയാതെ നടത്തിക്കൊണ്ടിരിക്കേണ്ടി വരും. മാത്രമല്ല ശുശ്രൂഷ നടത്താൻ അച്ചന്മാരോ ബിഷ പ്പുമാരോ പാസ്റ്റർമാരോ തന്നെ അവശേഷിക്കുമോ എന്നതും വലിയ ചോദ്യമായി അവശേഷി ക്കും. ഇങ്ങനെയൊരു ലേഖനം എഴുതാൻ എനിക്കു തന്നെ കഴിയുമായിരുന്നോ? എന്നേ തട്ടി പ്പോയേനെ ദൈവകൃപയില്ലായിരുന്നെങ്കിൽ! അതുകൊണ്ട് മൗനം എപ്പോഴും അംഗീകാരത്തിന്റെ അടയാളം അല്ല എന്നും ഈ കൃപായുഗത്തിൽ നാം വിവേചിച്ചറിയണം.

സഭയിൽ സ്ത്രീകൾ എങ്ങനെയിരിക്കണമെന്ന് അപ്പൊസ്തലനായ പൗലൊസ് വിവരിക്കുന്നത് ശ്രദ്ധിക്കൂ. വിശുദ്ധന്മാരുടെ സർവ്വസഭകളിലും എന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ. ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്ക് അനുവാദമില്ല. അവർ വല്ലതും പഠിപ്പാൻ ഇച്ഛിക്കുന്നു എങ്കിൽ വീട്ടിൽ വച്ചു ഭർത്താക്കന്മാരോടു ചോദിച്ചുകൊള്ളട്ടെ. സ്ത്രീ സഭയിൽ സംസാരിക്കുന്നത് അനുചിതമല്ലോ. ദൈവവചനം നിങ്ങളുടെ ഇടയിൽ നിന്നോ പുറപ്പെട്ടത്? അല്ല, നിങ്ങൾക്കു മാത്രമോ വന്നത്? (1 കൊരി 14:34-36) ചിലർ ചോദിക്കുന്നു ഭർത്താവിന് വചനത്തെക്കുറിച്ച് വിവരം ഇല്ലായെങ്കിൽ പിന്നെ ഞങ്ങൾ എന്തു ചെയ്യേണം? വിവരമുള്ളവരായിട്ടു വിവാഹം കഴിക്കണമായിരുന്നു. അതു ദൈവത്തിന്റെ കുറ്റമല്ലല്ലോ. ഇനി ഞങ്ങളെ അച്ചന്മാരും ഉപദേശിമാരൊന്നും വചനം പഠിപ്പിക്കാൻ വരണ്ട. ഭർക്കാന്മാരോടു ചോദിച്ചു പഠിച്ചോളാം എന്ന വാദഗതി ചിലർ ഉയർത്തിയാൽ വാദഗതിക്കായി സമ്മതിക്കാം എന്നാലും കുഴപ്പമില്ല. പക്ഷെ ഒരു പുരുഷന്റെ മേൽ കർത്തൃത്വം നടത്താൻ ദൈവം സ്ത്രീയെ അനുവദിച്ചിട്ടില്ല. മത്തായി 28:20,21 ന്റെ അടിസ്ഥാനത്തിൽ സകലജാതികളെയും ശിഷ്യന്മാരാക്കുന്ന പ്രക്രിയയിൽ വചനപഠനത്തിനു വിധേയരാകാൻ സ്ത്രീയും പുരുഷനും തയ്യാറാകേണം.

ക്രിസ്തു ശരീരത്തിന്റെ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതുപോലെ ഭർത്താവു ഭാര്യക്കു തലയാകുന്നു (എഫെസ്യർ 5:23). സമത്വവാദവുമായി ഇന്നു തലപൊക്കുന്നവർ ഒരു ഉടലിൽ രണ്ടു തല വന്നാൽ ഉണ്ടാകുന്നതു അത്ര ഭംഗിയുള്ള കാര്യമല്ലല്ലോ. രണ്ടു തലയുമായി ജീവിക്കുന്നതു തന്നെ വളരെ ക്ലേശകരമാണുതാനും. സ്ത്രീ മൗനമായിരുന്നു പൂർണ്ണാനുസരണത്തോടും കൂടെ പഠിക്കട്ടെ. മൗനമായിരിപ്പാൻ അല്ലാതെ ഉപദേശിപ്പാനോ പുരുഷന്റെ മേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല. ആദാം ആദ്യം നിർമ്മിക്കപ്പെട്ടു. പിന്നെ ഹവ്വാ. ആദാം അല്ല; സ്ത്രീ അത്രേ വഞ്ചിക്കപ്പെട്ടു ലംഘനത്തിൽ അകപ്പെട്ടത് (1 തിമൊ 2:11-14) ഇതാണ് നേരത്തെ സൂചിപ്പിച്ചതുപോലെ വളരെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കു കാരണായത്. ഏദനിൽ ഹവ്വയുടെ 'തല ഉടൽ' തന്നെയാണ്. ഹവ്വായുടെ 'ഈ തല ഇടൽ' ആത്മാവു ഇന്നു പല സ്ത്രീകളെയും വശീകരിക്കുന്നു എന്നതു യാഥാർത്ഥ്യമാണ്. ആ ആത്മാവിനെ കീഴ്പ്പെടുത്തേണ്ടതാണ് എഫെ 5 :33 - ൽ ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു എന്നെഴുതിയതെന്തിനാണ്? നേരെ തിരിച്ചു ബി.പി (ഭാര്യയെ പേടി) യുള്ളവർക്കല്ലാതെ (സ്ത്രീയെ) അച്ചി ആക്കാനോ അനുവദിക്കാനോ കഴിയുമോ? ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു കർത്താവിൽ ഉചിതമാകും വണ്ണം കീഴടങ്ങുവിൻ (കൊലൊ 3:18) എന്നു എഴുതിയിരിക്കുമ്പോൾ ഭർത്താക്കന്മാരെ നിങ്ങളുടെ ഭാര്യമാർക്കു സകലത്തിനും കീഴടങ്ങുവിൻ എന്നു കൂടി എന്തു കൊണ്ടെഴുതിയില്ല. ദൈവം വച്ചിരിക്കുന്ന ഘടനയെ തകിടം മറിക്കുന്നതാവും ഭർത്താവിന്റെ കീഴടങ്ങൾ. 1 പത്രൊസ് 3:1 ൽ ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മാർക്കു കീഴടങ്ങി ഇരിപ്പിൻ. അവരിൽ വല്ലവരും വചനം അനുസരിക്കാത്ത പക്ഷം ഭയത്തോടു കൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പു കണ്ടറിഞ്ഞു വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നു വരുവാൻ ഇടയാകും.

ഇതിൽ നിന്നെല്ലാം നാം മനസ്സിലാക്കേണ്ടതു സ്ത്രീകൾ അടിമകളെപ്പോലെ കഴിയണമെന്നോ പുരുഷന്മാർ അടിമകളെപ്പോലെ അവരോടു പെരുമാറണമെന്നോ അല്ല. സ്ത്രീജനം

ബലഹീനപാത്രം എന്നും അവർ ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ എന്നും ഓർത്ത് അവർക്ക് ബഹുമാനം കൊടുപ്പിൻ (1 പത്രോസ് 3:7) പുരുഷനും സ്ത്രീയും എന്ന ബന്ധത്തിൽ സ്ത്രീകൾ സമ്മതിച്ചാലും ഇല്ലെങ്കിലും പുരുഷന്മാർക്ക് ദൈവം അല്പം മേൽക്കോയ്മ കൊടുത്തിട്ടുണ്ടെന്നു വേദപുസ്തകം സാക്ഷീകരിക്കുന്നു. നമ്മുടെ നാട്ടിൽ പറഞ്ഞുകേൾക്കാറുള്ളതുപോലെ 'ദൈവം ആദാമിന്റെ തലയോട്ടിയിലൊരു അംശം എടുത്തു ഹവ്വായെ സൃഷ്ടിച്ചിരുന്നെങ്കിൽ അവൾ തലയിൽ കയറി ഇരിക്കുമായിരുന്നു.' പാദത്തിലെ ഒരംശം എടുത്തിട്ടാണ് ഹവ്വായെ സൃഷ്ടിച്ചിരുന്നെങ്കിൽ അവളെ പുരുഷൻ ചവിട്ടിമെതിക്കുമായിരുന്നു. എന്നാൽ വാരിയെല്ലിൽ നിന്നായതിനാൽ ജീവന്റെ കൃപയ്ക്കു കൂട്ടുപങ്കാളിത്തമാണ്. യഥാർത്ഥമായി വീണ്ടും ജനിച്ചവരായ ഭർത്താക്കന്മാർ ഭാര്യമാരെ കാണുന്നതും ഭാര്യമാർ ഭർത്താക്കന്മാരെ കാണുന്നതും കൂട്ടുപങ്കാളിയായിട്ടാണ്. പരസ്പരം ബഹുമാനിക്കുകയും അംഗീകരിക്കപ്പെടുകയുമാണ് ചെയ്യുന്നത്.

ഇനി ചിലർ വാദിക്കുന്നത് 'ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യെഹൂദനും യവനനും എന്നില്ല; ദാസനും സ്വതന്ത്രനും എന്നില്ല; ആണും പെണ്ണും എന്നുമില്ല; നിങ്ങൾ എല്ലാവരും ക്രിസ്തുയേശുവിൻ ഒന്നത്രേ' (ഗലാത്യർ 3:25–29). ഏതു കാര്യത്തിലാണ് ഒന്നായത്? 'മക്കൾ' എന്ന പദവിയിൽ. ദൈവത്തിനു 'മക്കൾ' മാത്രമേയുള്ളൂ. 'ചെറുമക്കൾ, മരുമക്കൾ' ഇല്ല. ആണായാലും പെണ്ണായാലും 'മക്കൾ' ആണല്ലോ. എത്ര മക്കൾ ഉണ്ടെന്നു ചോദിച്ചാൽ നാം സാധാരണ പറയുന്നത് രണ്ടു മക്കൾ മൂന്നു മക്കൾ അല്ലെങ്കിൽ 4 മക്കൾ. പിന്നെ ചോദിക്കും ആൺ എത്ര? പെൺ എത്ര? വാഗ്ദത്ത പ്രകാരമുള്ള അവകാശത്തിന്റെയും പദവിയുടെയും കാര്യത്തെക്കുറിച്ചാണിവിടെ പറയുന്നത്. ആണെന്നും പെണ്ണെന്നും വ്യത്യാസമില്ലായെങ്കിൽ ആരെങ്കിലും മകനെ യുവാവിനെക്കൊണ്ടും മകളെ ഒരു യുവതിയെക്കൊണ്ടും വിവാഹം നടത്തിക്കുമോ? വഴി പിഴച്ചവരും ദൈവത്തോടു മറുതലിപ്പുള്ളവരും അല്ലാതെ അങ്ങനെ ചിന്തിക്കുകയോ പ്രവർത്തിക്കുയോ ചെയ്യുമോ? ഇന്നു വിവാദമായിരിക്കുന്ന സ്വവർഗ്ഗരതിയെ ദൈവം അംഗീകരിച്ചിട്ടുണ്ടോ? എന്താ നമ്മുടെ സഭാനേതാക്കൾ മൗനികളായിരിക്കുന്നത്. ഇതും ഇതിനപ്പുറവും നടക്കും കർത്താവിന്റെ വീണ്ടും വരവിങ്കൽ. ചുരുക്കിപ്പറഞ്ഞാൽ പഴയനിയമത്തിലോ പുതിയ നിയമത്തിലോ ക്രിസ്തീയ സഭയ്ക്കു നേതൃത്വം കൊടുക്കാൻ സ്ത്രീകളെ ദൈവം നിയമിച്ചിട്ടില്ല. പന്ത്രണ്ടു ശിഷ്യന്മാരുടെ കൂട്ടത്തിൽ യേശുകർത്താവിന് തുല്യപ്രാധാന്യം സ്ത്രീകൾക്കു കൊടുത്തുകൊണ്ട് 6 പുരുഷന്മാരെയും 6 സ്ത്രീകളെയും നിയമിക്കാമായിരുന്നു. മോശെയുടെ സഹോദരി മിര്യാം മിടുക്കിയായിരുന്നല്ലോ. തലപൊക്കിയതുമാണ്. എന്നാൽ നല്ല കൊട്ടു തമ്പുരാൻ കൊടുത്തു.

യൂദായ്ക്കു പകരം ആളെ തെരഞ്ഞെടുത്തപ്പോഴും സ്ത്രീകൾ ആരും രംഗത്തു വന്നില്ല. സ്ത്രീകൾ അന്നു പുരുഷന്മാരെക്കാൾ ധൈര്യമുള്ളവരായിരുന്നു. പുരുഷകേസരികൾ യെഹൂദന്മാരെ പേടിച്ചു വാതിൽ അടച്ചു കഴിഞ്ഞപ്പോൾ ആഴ്ചവട്ടത്തിന്റെ ഒന്നാംനാൾ അതിരാവിലെ ഇരുട്ടോടെ കല്ലറയ്ക്കൽ പോയതും ഉയർത്തെഴുന്നേറ്റ യേശുകർത്താവിനെ ആദ്യം കണ്ടതും സാക്ഷീകരിക്കാൻ ഭാഗ്യം ലഭിച്ചതും സ്ത്രീരത്നങ്ങൾക്കാണല്ലോ. എന്നിട്ടും അപ്പൊസ്തലന്മാർ സ്ത്രീകളിലൊരാളെ യൂദായുടെ സ്ഥാനത്തേക്കു തിരഞ്ഞെടുക്കാൻ ശ്രമിച്ചില്ലല്ലോ.

ഈ ലോകത്തിന്റെ ചിന്താഗതികൾക്കും ഈ ലോകത്തിന്റെ ആത്മാവിനും സഹോദരിമാർ തങ്ങളെ വിറ്റുകളയാതെ ദൈവത്തിനും ദൈവാത്മാവിനും വിധേയമായി തിരുവചനത്തിന്റെ വ്യക്തമായ നിർദ്ദേശങ്ങൾക്കു വിധേയമായി തലയിരിക്കേണ്ട സ്ഥലത്ത് തലയെ വഹിക്കാനും തലയ്ക്കു കീഴ്പ്പെട്ടിരിക്കാനും കഴുത്തിന്റെ തേജസ്സ് നഷ്ടപ്പെടുത്താതെ തലയെ താങ്ങി നിർത്തുവാനും ശ്രമിക്കുക. അതിർ വിട്ടു ഹവ്വായെപ്പോലെ അതിസാമർത്ഥ്യം കാണിക്കരുത്. മുടന്തൻ ന്യായങ്ങൾ നിരത്തി മറുതലിക്കാനാണ് ഭാവമെങ്കിൽ, 'ഒരുത്തനോ ഒരുത്തിയോ തർക്കിക്കാൻ ഭാവിച്ചാൽ അങ്ങനെയുള്ള മര്യാദ ഞങ്ങൾക്കില്ല. ദൈവസഭയ്ക്കുമില്ല എന്ന് ഓർക്കട്ടെ (1 കൊരി 11:16).

ഒരു മഹിളാരത്നം ചോദിച്ചു: വേദശാസ്ത്രത്തിൽ ബിരുദങ്ങളും ദീർഘനാളത്തെ അനുഭവസമ്പത്തും ഉള്ളവരാണല്ലോ അച്ചിമാരായും ബിഷപ്പുമാരായും സ്ത്രീകളെ അഭിഷേകം ചെയ്തത്. അവർ വിവരം കെട്ടവർ ആണോ എന്ന്? അവർ വിവരം കെട്ടവർ മാത്രമല്ല ദൈവത്തോടു മത്സരിക്കുന്നവരുമാണ്. മോശെയുടെ സഹോദരനും പുരോഹിതനുമായ അഹരോന്റെ നേതൃത്വത്തിലാണല്ലോ കാളക്കുട്ടിയെ വാർത്തുണ്ടാക്കി ദൈവമായി ആരാധിച്ചത്. പാരമ്പര്യവും അനുഭവസമ്പത്തും അഹരോൻ പുരോഹിതന്റെ ചെയതികൾക്കു തുണയായോ? മോശെ ഇടിവിൽ (മദ്ധ്യസ്ഥൻ) നിന്നു നിലവിളിക്കാതിരുന്നെങ്കിൽ അഹരോൻ എന്നേ തട്ടിപ്പോകുമായിരുന്നു. വീണ്ടും വീണ്ടും സാത്താന്റെ ആത്മാവ് ഓരോ വാദഗതിയിലൂടെ തലപൊക്കുന്നതു കാണുമ്പോൾ സാത്താൻ എത്ര ജാഗ്രതയോടെ തന്റെ തന്ത്രങ്ങൾ ദൈവജനത്തിന്റെ ഇടയിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നു എന്നേ ദൈവമക്കൾക്കു മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ഞങ്ങൾ ജ്ഞാനികൾ; യഹോവയുടെ ന്യായപ്രമാണം ഞങ്ങളുടെ പക്കൽ ഉണ്ട് എന്നു നിങ്ങൾ പറയുന്നത് എങ്ങനെ? ശാസ്ത്രിമാരുടെ കള്ളയെഴുത്തുകോൽ അതിനെ വ്യാജമാക്കിത്തീർത്തിരിക്കുന്നു. ജ്ഞാനികൾ ലജ്ജിച്ചു ഭ്രമിച്ചു പിടിപെട്ടുപോകും; അവർ യഹോവയുടെ വചനം ധിക്കരിച്ചു കളഞ്ഞുവല്ലോ; അവർക്കു എന്തൊരു ജ്ഞാനമുള്ളൂ? (യിരെ 8:8–11) പ്രവാചകന്മാർ വ്യാജമായി പ്രവചിക്കുന്നു. പുരോഹിതന്മാരും അവരോടു ഒരുമിച്ചു നിന്നു അധികാരം നടത്തുന്നു. എന്റെ ജനത്തിനോ അതു ഇഷ്ടവും ആകുന്നു. എന്നാൽ ഒടുക്കം നിങ്ങൾ എന്തുചെയ്യും? പ്രവാചകന്മാരും പുരോഹിതന്മാരും ജനത്തിന്റെ കയ്യടിയും ആയിരിക്കരുത് ശുശ്രൂഷയ്ക്കുള്ള മാനദണ്ഡം; ദൈവത്തിനെ വിളിച്ചും അനുവാദം വാങ്ങിയുമായിരിക്കണം.

ഇന്നു ദൈവവിളി ലഭിക്കാതെ ശുശ്രൂഷിക്കുന്നവരാണ് പലപ്പോഴും പ്രശ്നങ്ങൾക്കിടവരുത്തുന്നത്. എന്നാൽ അഹരോനെപ്പോലെ ദൈവം വിളിക്കുന്നവനല്ലാതെ (ഇവിടെയും പുരുഷനെയല്ലാതെ സ്ത്രീയെ പരാമർശിക്കുന്നില്ല; വിളിക്കുന്നവർ എന്നല്ല വിളിക്കുന്നവൻ അല്ലാതെ എന്ന പദപ്രയോഗം ശ്രദ്ധിക്കണം) ആരും ആ സ്ഥാനം സ്വതവെ എടുക്കുന്നില്ല. അവ്വണ്ണം ക്രിസ്തുവും മഹാപുരോഹിതൻ ആകുവാനുള്ള മഹത്വം സ്വതവെ എടുത്തിട്ടില്ല. (എബ്രാ 5:4,5).

1 പത്രൊസ് 2:9–ൽ 'നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു.'

ഇതിൽ രാജകീയ പുരോഹിതവർഗ്ഗം എന്ന സ്ഥാനത്തിനും പദവിക്കും ആയി മുറവിളി

കൂട്ടുകയും അവകാശം ഉന്നയിക്കുന്നവർ മനസ്സിലാക്കേണ്ട ഒരു കാര്യം ഈ കാര്യത്തിൽ പുരുഷനെന്നോ സ്ത്രീ എന്നോ വ്യത്യാസമില്ല എന്ന വാദഗതികൾ ഊന്നിക്കൊണ്ടു പദവിക്കുവേണ്ടി വാദിക്കുന്നവർക്ക് കർത്താവിന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ ആരെങ്കിലും തടസ്സം നിൽക്കുന്നുണ്ടോ? അതിന്നു മോസ്റ്റ് റവറണ്ടും, റൈറ്റ് റവറണ്ടും, റവറണ്ടും ആവശ്യമുണ്ടോ? പിതാവായ ദൈവത്തിന്റെ മുന്നറിവിന് ഒത്തവണ്ണം ആത്മാവിന്റെ വിശുദ്ധീകരണം പ്രാപിച്ച് അനുസരണം കാണിപ്പാനും യേശുക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെടുവാനായി വ്രതന്മാരുമായവരോട് ആണ് പത്രോസ് പറയുന്നത്, 'നിങ്ങൾ രാജകീയ പുരോഹിതവർഗ്ഗമാണ്' (1 പത്രൊസ് 2:9) അതിൽ തന്നെയൊരു സംതൃപ്തി കണ്ടെത്താൻ ശ്രമിക്കണം.

രക്ഷിക്കപ്പെട്ട / വീണ്ടും ജനിച്ചു ദൈവമക്കളായി തീർന്നവർ നാളെ പള്ളിയിലേക്കു ചെന്നു സഭാശുശ്രൂഷകനോട് ഞാനും രാജകീയപുരോഹിതവർഗ്ഗത്തിൽപ്പെട്ട വ്യക്തിയാണ്, അതുകൊണ്ട് സ്ത്രീയാകട്ടെ പുരുഷനാകട്ടെ സഭാശുശ്രൂഷകൾക്കു നേതൃത്വം കൊടുക്കാനായി അവകാശം ഉന്നയിച്ച് ഇടിച്ചു കയറിയാൽ ഇടവകയിലും മഹായിടവകയിലും ഉണ്ടാകാൻ സാധ്യതയുള്ള പ്രത്യാഘാതങ്ങൾ എത്ര ഭയങ്കരമായിരിക്കും. ഏതു സഭാവിഭാഗത്തിൽപ്പെട്ടവരായാലും മൂപ്പന്മാർ / പാസ്റ്റർമാർ / വൈദികർ എന്ന പദവി പ്രത്യേകക്രമീകരണങ്ങളിലൂടെ മാത്രമേ നല്കാറുള്ളൂ എന്നതാണ് സത്യം. എന്തായാലും സ്ത്രീകൾക്കുള്ള ഈ പദവി പഴയ നിയമത്തിലോ പുതിയ നിയമത്തിലോ നല്കിയിട്ടില്ല. അല്ല ആരാധനയ്ക്കു നേതൃത്വം കൊടുത്തേ മതിയാകൂ എന്നു നിർബന്ധമാണെങ്കിൽ റോമർ 12:1–21 വരെ വായിച്ചു ധ്യാനിച്ചാൽ അവിടെ ദൈവം ആവശ്യപ്പെടുന്ന കാര്യങ്ങൾ ചെയ്യാൻ ആരും തടസ്സമോ എതിരോ നിൽക്കുകയുമില്ല. 'സഹോദരന്മാരെ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത് നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. ഈ ലോകത്തിന് അനുരൂപമാകാതെ (ഈ ലോകത്തിന്റെ സമത്വവാദികളെപ്പോലെ) നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിനു മനസ്സുപുതുക്കി രൂപാന്തരപ്പെടുവിൻ.'

ബുദ്ധിയുള്ള ആരാധന നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം എന്താണ്?

1. ഭാവിക്കേണ്ടതിന്നു മീതെ ഭാവിച്ചുയരാതിരിക്കുക. ഞാനൊരു പുരുഷനല്ല; സ്ത്രീയാണ്. ഞാൻ തലയാകാൻ പാടില്ല. തലയെ താങ്ങിനിറുത്തുന്ന കഴുത്തായി പുരുഷന്റെ തേജസ്സായിരിക്കാൻ സംതൃപ്തിയുള്ളവളായിരിക്കുക. അതു സുബോധത്തോടെയുള്ള ഭാവമാണുതാനും.
2. സ്ത്രീ എന്ന നിലയിൽ ദൈവത്താൽ തനിക്കു ലഭിച്ച കൃപാവരങ്ങൾ കൊണ്ടു ശുശ്രൂഷകൾ നിവർത്തിക്കുക.
3. നിർവ്യാജ സ്നേഹത്തിന്റെ ഉടമകൾ ആയിരിക്കുക.
4. തീയതിനെ വെറുത്തു നല്ലതിനോടു പറ്റിയിരിക്കുക.
5. ബഹുമാനിക്കുന്നതിൽ മുന്നിട്ടു നിൽക്കുക.
6. ആത്മാവിൽ എരിവുള്ളവരായി ഉത്സാഹത്തോടെ കർത്താവിനെ സേവിക്കുക.
7. പ്രത്യാശയിൽ സന്തോഷിക്കുക.
8. കഷ്ടതയിൽ സഹിഷ്ണുത കാണിക്കുക.

9. അതിഥി സൽക്കാരം കാണിക്കുക.
10. പ്രാർത്ഥനയിൽ ഉറ്റിരിക്കുക.
11. വിശുദ്ധന്മാരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുക.
12. ഉപദ്രവിക്കുന്നവരെ ശപിക്കാതെ അനുഗ്രഹിക്കുക.
13. സന്തോഷിക്കുന്നവരോടു കൂടെ സന്തോഷിക്കുക.
14. കരയുന്നവരോടു കൂടെ കരയുക.
15. തമ്മിൽ തമ്മിൽ ഭിന്നത കാണിക്കാതെ ഇരിക്കുക.
16. വലിപ്പം ഭാവിക്കാതെ എളിയവരോടു ചേർന്നുകൊൾക.
17. ഞാൻ മാത്രമാണ് ബുദ്ധിയും വിവരമുള്ളവൻ എന്നു വിചാരിക്കാതിരിക്കുക.
18. തിന്മയ്ക്കു പകരം തിന്മ ചെയ്യാതിരിക്കുക.
19. യോഗ്യമായി പെരുമാറുക.
20. എല്ലാവരോടും സമാധാനമായിരിക്കുക.
21. പ്രതികാരം ചെയ്യാതിരിക്കുക.
22. തിന്മയോടു തോൽക്കാതെ നന്മയാൽ തിന്മയെ ജയിക്കുക.

ഇനിയും നിരവധി കാര്യങ്ങൾ ആ വേദഭാഗത്തു നിന്നും നമുക്കു കണ്ടെത്താൻ കഴിയും. അങ്ങനെ ബുദ്ധിയുള്ള ആരാധന നടത്താം.

ഇതു സ്ത്രീകൾക്കു മാത്രമല്ല പുരുഷന്മാർക്കും ബാധകമാണ്. ഇപ്രകാരമുള്ള ബുദ്ധിയുള്ള ആരാധന നമ്മിലും സഭയിലും ഉണ്ടായിരുന്നെങ്കിൽ, സ്വർഗ്ഗത്തിന്റെ ഒരു പതിപ്പ് നമുക്കിവിടെ ഭൂമിയിൽ സ്ഥാപിക്കാൻ കഴിയുമായിരുന്നു. ഇന്നെവിടെയും ഭിന്നതയും പിറുപിറുപ്പും അല്ലേ. എത്ര എത്ര ചേരികൾ ആയി നാം തിരിഞ്ഞിരിക്കുന്നു. ജാതിവ്യവസ്ഥയും ഉയർന്നവൻ താഴ്ന്നവൻ എന്ന ചിന്തകളും പാരമ്പര്യങ്ങളുടെ മഹിമകളിലും പെട്ടുള്ള നമ്മുടെ ആരാധന ബുദ്ധിയുള്ള ആരാധനയല്ല. നമ്മുടെ ശരീരം തന്നെ പരിശുദ്ധാത്മാവിന്റെ മന്ദിരമാണ്. ഇതിലൊന്നും നമുക്കഭിമാനിക്കാൻ കഴിയാതെ വേറെ എന്തിനോ വേണ്ടിയുള്ള മനുഷ്യന്റെ ദാഹം: അസംതൃപ്തി ആത്മീകമല്ല ജഡീകവും പൈശീചകവുമാണ്.

തീമൊഥെയോസിന്റെ ലേഖനത്തിലും തീത്തൊസിന്റെ ലേഖനത്തിലും മൂപ്പന്മാർക്കുള്ള യോഗ്യതയെക്കുറിച്ചു പറയുമ്പോൾ മൂപ്പത്തിമാരെക്കുറിച്ചു പറയുന്നില്ല. 1 തിമൊ 3:1–13 വരെയുള്ള ഭാഗത്തും മൂപ്പന്മാർ എന്നും ശുശ്രൂഷകന്മാർ എന്നും പറയുമ്പോൾ മൂപ്പത്തിമാരെന്നോ, ശുശ്രൂഷക്കാരത്തിമാരെന്നെ പരാമർശിക്കുന്നില്ല. തിത്തൊസ് 1:6–9 വരെ വായിച്ചു നോക്കാം. ആകയാൽ സാത്താന്റെ തന്ത്രങ്ങളിൽ കുടുങ്ങി ദൈവം സ്ത്രീകൾക്കു നൽകിയ അതിമഹത്തായ പുരുഷന്റെ തേജസ്സിനെ സ്വയമോ മറ്റുള്ളവരിലോ കെടുത്തിക്കളയാതെ, ദൈവാത്മാവിന്റെ നിയന്ത്രണത്തിനു വിധേയമായി, ഇതാ ഞാൻ കർത്താവിന്റെ ദാസി. അവിടുന്ന് എന്നെ ആക്കിയിരിക്കുന്ന സ്ഥാനത്ത് സംതൃപ്തിയോടെ സ്ത്രീയുടെ തല പുരുഷൻ, പുരുഷന്റെ തല ക്രിസ്തു, ക്രിസ്തുവിന്റെ തല ദൈവം ഈ ഘടനയിൽ വിള്ളൽ വരുത്താതെ വിനയപ്പെടാൻ എല്ലാ സഹോദരിമാർക്കും സർവ്വകൃപാലുവായ ദൈവം കൃപ നല്കുമാറാകട്ടെ എന്നു പ്രാർത്ഥനയോടെ വാക്കുകൾക്ക് വിരാമം കുറിക്കുന്നു.

# "സ്വവർഗ്ഗ വിവാഹം വിശുദ്ധീകരിച്ച് ആശീർവ ദിച്ച് കൊടുക്കപ്പെടും!?"

സ്വവർഗ്ഗ വിവാഹത്തെക്കുറിച്ച് സി.എസ്.ഐ സിനഡ് സഭയുടെ നിലപാട് അറിയിക്കുന്നതിനു വേണ്ടി വേദശാസ്ത്ര പഠനവിഭാഗത്തെ ചുമതലപ്പെടുത്തി എന്ന 16.01.2014 മലയാള മനോരമയിൽ വന്ന വാർത്ത ഏതൊരു സാധാരണ സി.എസ്.ഐക്കാരനേയും ഞെട്ടിപ്പിക്കുന്ന ഒന്നത്രേ. ആ സിനഡിൽ പങ്കെടുത്ത സഭാനേതാക്കൾ സണ്ടേസ്ക്കൂൾ പഠനമെങ്കിലും കൃത്യമായി പൂർത്തീകരിച്ചിരുന്നെങ്കിൽ വ്യക്തമായി പറയുമായിരുന്നു. സ്വവർഗ്ഗ വിവാഹം ദൈവീകമല്ല മറിച്ച് അധാർമ്മികമാണ്.

വിശുദ്ധ ബൈബിളിൽ ഉല്പത്തി 19-ാം അദ്ധ്യായത്തിലും ലേവ്യ 18:22 ലും 20:13 ലും റോമർ 1:18-27 വരെയും സ്വവർഗ്ഗരതി എന്ന മഹാപാപത്തെയും അതിനോടുള്ള ദൈവീകനടപടികളെയും വിവരിക്കുന്നുണ്ട്. "പിന്നെ യഹോവ സൊദോമിന്റെയും ഗൊമോറായുടെയും നിലവിളി വലിയതും അവരുടെ പാപം അതികഠിനവും ആകുന്നു. ഞാൻ ചെന്ന് എന്റെ അടുക്കൽ വന്നെത്തിയ നിലവിളിപോലെ അവർ കേവലം പ്രവർത്തിച്ചിട്ടുണ്ടോ ഇല്ലയോ എന്നു നോക്കി അറിയും എന്നു അരുളിച്ചെയ്തു. അങ്ങനെ ആ പുരുഷന്മാർ അവിടെനിന്നു സൊദോമിലേക്കു പോയി. അബ്രഹാമോ യഹോവയുടെ സന്നിധിയിൽ തന്നെ നിന്നു (ഉല്പത്തി 18:20-22). ആ ദേശത്തിനുവേണ്ടിയുള്ള അബ്രഹാമിന്റെ മദ്ധ്യസ്ഥത തുടരുകയാണ്. ആ ദേശത്തിൽ 50 നീതിമാന്മാരുണ്ടെങ്കിൽ ആ ദേശത്തെ നശിപ്പിക്കുമോ എന്നു ചോദിക്കുന്ന അബ്രഹാം 45 പേരെങ്കിലും നീതിമാന്മാരായി ഉണ്ടായാലോ പിന്നെ നാല്പതു ഉണ്ടായാലോ, അല്ല മുപ്പതു പേരുണ്ടായാലോ അല്ല ഇരുപതു പേരുണ്ടായാലെ അല്ല പത്തു പേരുണ്ടായാലെ എന്നു വാദിച്ചു ആ ദേശത്തിനുവേണ്ടി പോരാടുമ്പോൾ ഇനിയും താഴോട്ടു പോകുവാൻ മനസ്സില്ലാതെ മദ്ധ്യസ്ഥത അബ്രഹാം നിർത്തി. ചരിത്രം നോക്കിയാൽ നമുക്കു കാണാൻ കഴിയുന്നത് ലോത്തും രണ്ട് പെൺമക്കളും മാത്രമേ ആ ദേശത്തു നിന്ന് ഓടി ദൈവത്തിന്റെ ക്രോധാഗ്നിയിൽ നിന്നും രക്ഷപ്പെട്ടുള്ളൂ. ആ ദേശത്ത് ലോത്ത് എങ്ങനെയാണ് ജീവിച്ചു വന്നത് എന്ന് പത്രൊസ് അപ്പോസ്തലൻ ഓർമ്മപ്പെടുത്തുന്നത് ശ്രദ്ധിക്കുക. "സൊദോം ഗോമേറ എന്ന പട്ടണങ്ങളെ ഭസ്മീകരിച്ച് ഉന്മൂലനാശത്താൽ ന്യായം വിധിച്ചു മേലാൽ ഭക്തികെട്ടു നടക്കുന്നവർക്കു ദൃഷ്ടാന്തമാക്കി വയ്ക്കുകയും അധർമ്മികളുടെ ഇടയിൽ വസിച്ചിരിക്കുമ്പോൾ നാൾതോറും അധർമ്മപ്രവൃത്തി കണ്ടും കേട്ടും തന്റെ വലഞ്ഞുപോയ നീതിമാനായ ലോത്തിനെ വിടുവിക്കുകയും ചെയ്തു." (1 പത്രൊസ് 2:6-8) അവിടെ എഴുതിവച്ചിരിക്കുന്ന ഒരു കാര്യം ഈ സംഭവം ഭക്തികെട്ടവർക്കു ദൃഷ്ടാന്തമായി ദൈവം വച്ചിരിക്കുന്നു എന്നതാണ്. രണ്ടു അവിടെ ലോത്ത് ജനത്തിന്റെ അധാർമ്മിക പ്രവൃത്തി കണ്ടും കേട്ടും നാൾതോറും തന്റെ നീതിയുള്ള മനസ്സിൽ നൊന്തു അവരുടെ ദുഷ്ക്കാമ പ്രവൃത്തിയിൽ വലഞ്ഞുപോയ ലോത്തെന്നാണ്. അതിനകത്തു ലോത്തിന്റെ രണ്ടു പെൺമക്കളെയും പത്രൊസ് പരാമർശിക്കുന്നില്ല. ദുഷ്ക്കാമ പ്രവൃത്തി കണ്ടു നൊന്തു വലയുന്നവർ ചുരുക്കമായിരിക്കും. അതുകൊണ്ടാണല്ലോ "മഹായിടവകയിൽ" നൊന്തു വലയുന്ന അധികം പേരെയൊന്നും ഈ രംഗത്തു കാണാത്തത്.

പിന്നെ സൊദോം ഗോമേറ പട്ടണങ്ങൾക്കു എന്തു സംഭവിച്ചു? ഉല്പത്തി 19:21 മുതൽ 28 വരെയുള്ള ഭാഗം വരാൻ പോകുന്ന ന്യായവിധിയിൽ നിന്നും രക്ഷപ്രാപ്രിക്കാൻ താല്പര്യമുള്ളവർ വിശുദ്ധവേദപുസ്തകം തുറന്നു വായിച്ചു ധ്യാനിക്കൂ...എന്നാൽ അവിടെ ലോത്തിനു 'സൂര്യോദയം' ആയിരുന്നു!

ഇനി ലേവ്യ പുസ്തകത്തിൽ നാം വായിക്കുന്നു ലേവ്യ 18:22, 20:13 "സ്ത്രീയോടു എന്ന പോലെ പുരുഷനോടു കൂടെ ശയിക്കുന്നതു 'അതു മ്ലേച്ഛത' അവർ മരണശിക്ഷ അനുഭവിക്കേണം." ഇതു ദൈവത്തിന്റെ നിലപാട്. "മഹാസിനഡിന്റെ വിദഗ്ധ സമിതി" കൊടുക്കുന്ന റിപ്പോർട്ട് "സ്വവർഗ്ഗ വിവാഹം വിശുദ്ധീകരിച്ച് ആശീർവദിക്കാം" ഇതു ന്യൂനപക്ഷത്തിന്റെയും സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ടവന്റെയും ആവശ്യവും അവരോടുള്ള സ്നേഹവും കരുതലും പ്രദർശിപ്പിക്കാൻ കിട്ടിയിരിക്കുന്ന സുവർണ്ണാവസവുമാണ്. സ്വവർഗ്ഗക്കാരായ അച്ചന്മാരും ബിഷപ്പുമാരും ഇവർക്കായി വാഴിക്കപ്പെട്ടാലും നാം നൊന്തു വലയുകയില്ല. മറിച്ച്, **'മഹാസിനഡും മഹായിടവകയും'** പുരോഗതിയുടെ (അധോഗതിയെന്നു ദൈവമക്കൾ) ഒരു വഴികൂടി വെട്ടിത്തുറന്നു. (ഉള്ള വഴി കൂടി കെട്ടിയടച്ചു പാവം വിശ്വാസികളെ വഴിയാധാരമാക്കി എന്നു ദൈവമക്കൾ).

അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരേ ദൈവത്തിന്റെ കോപം സ്വവർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു. അതുകൊണ്ട് ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വന്തശരീരങ്ങളെ തമ്മിൽ തമ്മിൽ അവമാനിക്കേണ്ടതിന് അശുദ്ധിയിൽ ഏല്പിച്ചു. ദൈവത്തിന്റെ സത്യം അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു. സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു. അവൻ എന്നെന്നേക്കും വാഴ്ത്തപ്പെട്ടവൻ. ആമേൻ. അതുകൊണ്ട് ദൈവം അവരെ അവമാനരാഗങ്ങളിൽ ഏല്പിച്ചു. അവരുടെ സ്ത്രീകൾ സ്വാഭാവികഭോഗത്തെ സ്വഭാവവിരുദ്ധമാക്കിക്കളഞ്ഞു. അവ്വണ്ണം പുരുഷന്മാരും സ്വാഭാവിക സ്ത്രീഭോഗം വിട്ട് അന്യോന്യം കാമം ജ്വലിച്ച് ആണോട് ആൺ അവലക്ഷണമായി പ്രവർത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിനു യോഗ്യമായ പ്രതിഫലം തങ്ങളിൽത്തന്നെ പ്രാപിച്ചു. അവരുടെ തുടർന്നുള്ള ജീവിതശൈലി ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാത്തതിനു തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്‌വാൻ നികൃഷ്ടബുദ്ധിയിൽ ഏല്പിച്ചു. അവർ സകല അനീതിയും ദുഷ്ടതയും അത്യാഗ്രഹവും ദുർബുദ്ധിയും നിറഞ്ഞവർ : അസൂയ, കൊല, പിണക്കം, കപടം, ദുശ്ശീലം എന്നിവ തിങ്ങിയവർ, കുരളക്കാർ, ഏഷണിക്കാർ, ദൈവദ്വേഷികൾ, നിഷ്ഠൂരന്മാർ, ഗർവ്വിഷ്ഠന്മാർ, ആത്മപ്രശംസക്കാർ, പുതുദോഷം സങ്കല്പിക്കുന്നവർ, മാതാപിതാക്കന്മാരെ അനുസരിക്കാത്തവർ, ബുദ്ധിഹീനർ, നിയമലംഘികൾ, വാത്സല്യമില്ലാത്തവർ, കനിവറ്റവർ ഈ വക പ്രവർത്തിക്കുന്നവർ മരണയോഗ്യർ എന്നുള്ള ദൈവന്യായം അവർ അറിഞ്ഞിട്ടും അവരെ പ്രവർത്തിക്ക മാത്രമല്ല പ്രവർത്തിക്കുന്നവരിൽ പ്രസാദിക്കുകയും കൂടെ ചെയ്യുന്നു.

ഇവിടെയാണ് സ്വവർഗ്ഗവിവാഹം വിശുദ്ധീകരിച്ച് ആശീർവദിക്കപ്പെടുന്നത്. ഈ വക പ്രവർത്തിക്കുന്നവർ മരണയോഗ്യർ എന്നറിഞ്ഞിട്ടും അവയെ പ്രവർത്തിക്ക മാത്രമല്ല പ്രവർത്തിക്കുന്നവരിൽ പ്രസാദിച്ചു വിശുദ്ധീകരിച്ച് ആശീർവദിച്ചുകൊടുക്കപ്പെടും. സ്വവർഗ്ഗ വിവാഹ ശുശ്രൂഷയും സാധാരണ വിവാഹംപോലെ ഇപ്രകാരം ആയിരിക്കും Most Reverend മാരോ Rt.Reverend മാരോ സാദാ Reverend മാരോ ആശീർവദിക്കുന്നത്. ഇന്ന വീട്ടിൽ ഇന്ന കരയിൽ ഇന്ന ഇടവകയിലെ മത്തായിച്ചനും ഇന്ന വീട്ടിൽ ഇന്ന കരയിൽ ഇന്ന ഇടവകയിലെ തോമാ

ച്ചനും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ 'ഭാര്യാ ഭർത്താവെന്നൊ' 'ഭാര്യമാരെന്നോ' അല്ലെങ്കിൽ വിദഗ്ധസമിതി കൊടുക്കുന്ന 'എന്തു മണ്ണാങ്കട്ട' എന്നോ ആകട്ടെ ആയിത്തീർന്നിരിക്കുന്നു. കർത്താവ് കൂട്ടിച്ചേർത്തിനെ മനുഷ്യൻ വേർപിരിക്കരുത്. സാദാജനം പറയും ആമേൻ.

എത്ര പൈശാചികം. വിശുദ്ധനായ ത്രിയേക ദൈവത്തെ കൂടി ഈ അധർമ്മവും നികൃഷ്ടവുമായ കർത്തവ്യത്തിനു സാക്ഷി നിർത്തുന്നവരെ ദൈവമക്കൾ എന്തു പേരിടണം? ദൈവത്തെ അല്പമെങ്കിലും ശങ്കയും ഭയവും ഉണ്ടായിരുന്നെങ്കിൽ വിദഗ്ധസമിതി മരണശിക്ഷ ഈകാര്യത്തിൽ സ്വവർഗ്ഗവിവാഹത്തിനു കല്പിക്കയില്ലായിരുന്നോ? എന്നാൽ ഇന്നടത്തെ തോമാച്ചനും ഇന്നടത്തെ മത്തായിച്ചനും 'മൃഗങ്ങൾ' ആയിത്തീർന്നിരിക്കുന്നു എന്നു പറഞ്ഞവസാനിച്ചാൽ ഞാൻ മൃഗങ്ങളോടു ചെയ്യുന്ന അനീതിയാണ്. അവർ പോലും ലജ്ജിച്ചു തലതാഴ്ത്തും. ഇങ്ങനെ പറയാൻ കഴിയുമായിരിക്കും. അവർ ഇന്നു മുതൽ 'മനുഷ്യമൃഗങ്ങൾ' ആയിത്തീർന്നിരിക്കുന്നു. പുതിയ ജനുസ്സിൽപ്പെട്ടവർ. ഇവരുടെ എണ്ണം മഹാസിനഡുകളിലും മഹായിടവകയിലും വർദ്ധിക്കും. സഭാമനുഷ്യരായ നമുക്കു വേറെ വഴി തേടിപോകാം...ലോത്തിനെപോലെ ജീവരക്ഷയ്ക്കായി ഓടാം. അവിടെ നമുക്കു 'രോഗോപശാന്തിയോടെ നീതിസൂര്യൻ നമുക്കായി ഉദിക്കും.'

'ചൂളപോലെ കത്തുന്ന ഒരുദിവസം വരും അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും. വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്നു സൈന്യങ്ങളുടെ യഹോവ അരുളിചെയ്യുന്നു. എന്റെ നാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ തന്റെ ചിറകിൻകീഴിൽ രോഗോപശാന്തിയോടുകൂടെ ഉദിക്കും. നിങ്ങളും പുറപ്പെട്ട് തൊഴുത്തിൽ നിന്നു വരുന്ന പശുക്കിടാങ്ങളെപ്പോലെ തുള്ളിച്ചാടും (മലാഖി 4:12). ഇത് അരുളിച്ചെയ്തവൻ പറയുന്നു 'ഇതാ ഞാൻ വേഗം വരുന്നു.' ആമേൻ കർത്താവായ യേശുവേ വേഗം വരേണമേ' എന്നു നമുക്കു പ്രാർത്ഥിക്കാം.

# ദൈവം വെറുക്കുന്ന വിവാഹം

മുകളിലുള്ള ഫോട്ടോ ഒരു സ്ത്രീക്കും മറ്റൊരു സ്ത്രീക്കും തമ്മിൽ ലണ്ടനിൽ ഉള്ള Protestant Anglican ചർച്ചിൽ ഒരു അച്ചൻ, ബിഷപ്പിന്റെ അനുവാദത്തോടും ഗവൺമെന്റിന്റെ അംഗീകാരത്തോടും ഈ വിവാഹം പരസ്യപ്പെടുത്തി. ഇന്നു അവിടെയുള്ള Protestant സഭകൾ ഏതു വേഗത്തിൽ എങ്ങോട്ടു പോയിക്കൊണ്ടിരിക്കുന്നു എന്നുള്ളതിനു ഒരു ഉത്തമ ഉദാഹരണം.

1982–ൽ ഞാൻ കാനഡായിൽ പോയപ്പോൾ അവിടെ ഒരു പുരുഷൻ മറ്റൊരു പുരുഷനെ വിവാഹം ചെയ്തു. അങ്ങനെ വിവാഹം ചെയ്ത ദമ്പതികളെല്ലാം ആരാധിക്കുന്ന സഭയിൽ ഞാനും പോയി സംബന്ധിച്ചു. അതിനെ church എന്നാണു വിളിക്കപ്പെടുന്നത്. ആ സഭയിൽ പോയ വിവരം ഞാൻ നേരത്തെ ജാമക്കാരനിൽ പരസ്യപ്പെടുത്തിയിരുന്നു. ഒരു പുരുഷനും മറ്റൊരു പുരുഷനും തമ്മിൽ വിവാഹം നടത്തി കുടുംബം നടത്തുന്ന പാപത്തിനു Homo Sexual എന്നു പറയപ്പെടുന്നു. ഇന്നു സ്ത്രീകളിലും ധാരാളംപേർ ഈ പാപത്തിനു അടിമ

പ്പെട്ടു കഴിയുന്നു. വിദൂരരാജ്യങ്ങളിൽ സർവ്വസാധാരണമായി നമുക്കു കാണാം. തമിഴ്നാട്ടിലെ മുൻ മുഖ്യമന്ത്രിയായ ജയലളിതയേയും അവരുടെ കൂട്ടുകാരിയായ ശശികലയേയും പറ്റി അവർ ഇതേ ബന്ധത്തിലായിരുന്നതായി പത്രത്തിൽ പരസ്യപ്പെടുത്തിക്കണ്ടു. ഇങ്ങനെ കല്യാണം കഴിച്ച സ്ത്രീകൾ കാനഡായിൽ ഉള്ളതുപോലെ തങ്ങൾക്കും ആരാധിക്കാൻ സഭ വേണം ഞങ്ങളെയും അച്ചന്മാരാക്കണം ഈ ബന്ധത്തെ നിയമാനുസൃതമാക്കണം എന്നു സമരം ചെയ്തുകൊണ്ടിരിക്കുന്നു.

സോദോം ഗോമോറയിൽ ഇങ്ങനെയുള്ള പാപം നിറഞ്ഞിരിക്കുന്നതുകൊണ്ടു ദൈവം അതു നശിപ്പിച്ചു. രാജ്യത്തെ ജനങ്ങൾ ലോത്തിന്റെ വീട്ടിൽ അതിഥികളായി വന്ന ദൂതന്മാരെ പോലും തങ്ങൾക്കു വിട്ടുകിട്ടണമെന്നു വാശി പിടിച്ചുപോരാടി. അതിനു ലോത്ത് പുരുഷൻ തൊടാത്ത എന്റെ പെൺമക്കളെ ഞാൻ നിങ്ങൾക്കുവേണ്ടി പുറത്തു തരാം. എന്നാലും എന്റെ അതിഥികളെ ഉപദ്രവിക്കരുതെന്നു കെഞ്ചി പറഞ്ഞു. ജനങ്ങൾ അതു സമ്മതിച്ചില്ല. അന്നു തന്നെ കർത്താവു ആ രാജ്യം മുഴുവനെയും നശിപ്പിച്ചു.

ഇങ്ങനെയുള്ള നാശം അമേരിക്ക, യൂറോപ്പ്, ആസ്ട്രേലിയ എന്നീ രാജ്യങ്ങളിൽ എപ്പോൾ വരുമെന്നറിയാൻ പാടില്ല. ഇന്ത്യയിലും ഇതേ പാപം വർദ്ധിക്കാൻ തുടങ്ങിയിട്ടുണ്ട് എന്നുള്ളതു കഴിഞ്ഞ വർഷം ഇന്ത്യയിലെ Homo Sexual സംഘടന നടത്തിയ യോഗം നമുക്കു അതു വ്യക്ത മാക്കുന്നു. അടുത്ത കാലത്തിൽ അണ്ണാമല യൂണിവേഴ്സിറ്റിയിലെ ഒരു മെഡിക്കൽ വിദ്യാർത്ഥി ഈ പാപത്തിന്റെ അടിസ്ഥാനത്തിൽ കൊല ചെയ്തു എന്നതു നാം വായിക്കുന്ന കാര്യമാകു ന്നു. അതുകൊണ്ടു നമ്മുടെ രാജ്യത്തിലും ഈ നാശം, ദൈവകോപം തീർച്ചയായും വരും. ഈ നാശത്തിൽ നിന്നു കർത്താവ് തന്റെ മക്കളെ രക്ഷിക്കുമാറാകട്ടെ.

ഒരു സ്ത്രീയോടു ഒരു പുരുഷൻ ജാഗ്രതയായി ഇടപെടണം. പാപത്തിൽ വീഴാതിരി ക്കണം എന്നെല്ലാം അവരെ പ്രസംഗിച്ചതുപോലെ ഇനി പുരുഷനോടു പുരുഷനും സ്ത്രീയോടു സ്ത്രീയും ഇടപെടുമ്പോൾ ജാഗ്രതയായിരിക്കണം എന്നു പ്രസംഗിക്കേണ്ട ഒരു മോശകരമായ നില ക്രൈസ്തസഭയിൽ കടന്നുവന്നു.

കഴിഞ്ഞ ചില വർഷങ്ങൾക്കുമുമ്പു ഇതേ Homo Sexual പാപത്തിൽ വീണ ഭാര്യയും ഭർത്താവുമായ രണ്ടു പുരുഷന്മാരെ ഭാര്യമാർ ഭർത്താവുമായ ഇംഗ്ലണ്ടു ആംഗ്ലിക്കൻ സഭ പള്ളി യിലെ അച്ചന്മാരായി വാഴിച്ചു എന്നുള്ള വിവരം പത്രത്തിലൂടെ നാമെല്ലാം വായിച്ചു. ഇപ്പോഴും ആ അച്ചനും ഭാര്യയുടെ സ്ഥാനത്തുള്ള പുരുഷനും (പുരുഷനായ അച്ചി – കൊച്ചമ്മ) സഭയെ നടത്തിക്കൊണ്ടിരിക്കുന്നു. ഇംഗ്ലണ്ടുരാജ്യത്തിൽ ഈ പാപങ്ങളെ അനുവദിച്ച ഇടവകക്കാർ, അച്ചന്മാർ, ബിഷപ്പുമാർ ഇവരുടെ ആത്മീയത്തിന്റെ സ്ഥിതി നമുക്കു മനസ്സിലാകുന്നു. നമ്മുടെ കേരളത്തിലും സ്ത്രീകളെ അച്ചന്മാരായി അംഗീകരിച്ചിരിക്കുന്നതുമല്ലാതെ അടുത്തകാലത്തു ആന്ധ്രാ ലൂഥറൻ സഭയിൽ ഒരു സ്ത്രീയെ ബിഷപ്പാക്കിയിരിക്കുന്നു. ഇനി ഇതുപോലെ Homo Sexual പാപത്തിൽ ഉൾപ്പെട്ട പുരുഷനെ അച്ചനാക്കിയാലും അതിൽ അതിശയിക്കാനൊന്നുമില്ല.

വായനക്കാർ അറിഞ്ഞിരിക്കണം എന്നതുകൊണ്ടാണു ഈ അശ്ലീലമായ കാര്യങ്ങളെ ഫോട്ടോയിൽ എടുത്ത് ഇതിൽ പരസ്യപ്പെടുത്തേണ്ടി വന്നത്. വായനക്കാർ കിണറ്റിലെ തവള യായിരിക്കാൻ പാടില്ല. ഈ വിഷയങ്ങളും അറിഞ്ഞിരിക്കണം. പക്ഷെ എന്നോടു ചോദിക്കാതെ മുകളിൽ കണ്ട അശ്ലീല വിവാഹഫോട്ടോയെ വലിയ നെഗറ്റീവ് ആയി തന്നു. എന്റെ വിവാഹ ഫോട്ടോപോലും ഇത്ര വലുതായി ജാമക്കാരനിൽ ഞാൻ പരസ്യപ്പെടുത്തിയില്ല. ഇതിനെ വലു തായി എടുപ്പിച്ചു പരസ്യപ്പെടുത്താൻ എനിക്കു സമയമില്ല.

ഹോസ്റ്റലിലും ബോർഡിംഗിലും നിന്നു പഠിക്കുന്ന ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഇടയിലാണ് ഇങ്ങനെയുള്ള പാപം ആരംഭിക്കാൻ കൂടുതൽ സാധ്യത. അതുകൊണ്ട് ജാഗ്രതയായിരിക്കുക.

## ജാമക്കാരൻ കുറിപ്പ് :

**സ്വവർഗ്ഗത്തെക്കുറിച്ച് സി.എസ്.ഐ സിനാഡിൽ നിർദ്ദേശം നൽകുന്ന സമയത്തു തന്നെ ഇതു വേദപുസ്തകത്തിന് എതിരായ ഉപദേശം എന്നും നമ്മുടെ ദൈവം ലോകത്തിന്റെ ആരംഭത്തിലിരുന്ന് വെറുക്കുന്ന പാപം എന്ന് അറിഞ്ഞിട്ടും ഇതിനെക്കുറിച്ച് എന്തുകൊണ്ടു ഗവേഷണം നടത്തണം. ആ സിനാഡിൽ അന്നുണ്ടായിരുന്ന ബിഷപ്പുമാരും അച്ചന്മാരും ബി.സി മെമ്പർമാരും എന്തുകൊണ്ട് എതിർ പറഞ്ഞിട്ടില്ല. ഇതു ഗവേഷണം നടത്തുന്ന വിഷയമല്ലല്ലോ. ഇങ്ങനെ ഈ പാപം സഭയ്ക്കുള്ളിൽ പ്രവേശിക്കാനും ഇത് ആരംഭമാകുന്നു. പിശാചിന്റെ ആരംഭപ്രവർത്തനമാകുന്നു. സി.എസ്.ഐ സഭാമക്കൾ ഈ പാപത്തെക്കുറിച്ച് ഗവേഷണം നടത്താൻ ഒരിക്കലും അനുവദിക്കരുത് എന്ന് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.**




മുകളിൽ ഉള്ള ഫോട്ടോ ഒരു സ്ത്രീക്കും മറ്റൊരു സ്ത്രീക്കും തമ്മിൽ ലണ്ടനിൽ ഉള്ള പ്രൊട്ടസ്റ്റന്റ് ആംഗ്ലിക്കൻ ചർച്ചിൽ ഉള്ള ഒരു അച്ചൻ, ബിഷപ്പിന്റെ അനുവാദത്തോടും ഗവൺമെന്റിന്റെ അംഗീകാരത്തോടും ഈ വിവാഹം പരസ്യപ്പെടുത്തി. ഇന്നു അവിടെയുള്ള പ്രൊട്ടസ്റ്റന്റ് സഭകൾ ഏതു വേഗത്തിൽ എങ്ങോട്ടുപോയിക്കൊണ്ടിരിക്കുന്നു എന്നുള്ളതിനു ഒരു ഉത്തമ ഉദാഹരണം.

ഇതു പോലെയുള്ള വിവാഹം പുരുഷനും പുരുഷനും തമ്മിൽ നടത്തുന്ന വിവാഹവും നമ്മുടെ സി.എസ്.ഐ പള്ളികളിൽ നടക്കാൻ സാധ്യതയില്ല എന്ന് ഇവർക്ക് ഉറപ്പുനൽകാൻ കഴിയുമോ?



**ഈ പടത്തിൽ കാണുന്നത് പുരുഷനും പുരുഷനും തമ്മിലുള്ള വിവാഹം ഒരു ബിഷപ്പ് നടത്തിക്കൊടുക്കുന്നതാണ്. നേരത്തെ കാനഡയിൽ ഇവർക്കുവേണ്ടി ഒരു പ്രത്യേക പള്ളി തുടങ്ങിയിട്ടുണ്ട് എന്നുള്ള വിവരം ലേഖനത്തിൽ ഞാൻ സൂചിപ്പിച്ചിരുന്നു. ഇതുപോലെയുള്ള വിവാഹം നമ്മുടെ സി.എസ്.ഐയ്ക്കുള്ളിൽ വളരെ വേഗത്തിൽ സംഭവിക്കാൻ സാധ്യതകൾ ഉണ്ട്. സി.എസ്.ഐ മക്കൾ ജാഗ്രതയോടിരിക്കുക!!!**

## CSI KANYAKUMARI DIOCESE
## CHINTHANVILAI CSI CHURCH CONVENTION



കന്യാകുമാരി ജില്ലയിലെ ചിന്തൻവിള എന്ന സ്ഥലത്ത് സി.എസ്.ഐ സഭയിലെ യുവജനസഖ്യം മുൻകൈയെടുത്ത് നടത്തിയ ഈ യോഗങ്ങൾക്ക് ഡിസ്ട്രിക് ചെയർമാൻ, Rev.C.Gnanadhasan അവർകൾ അദ്ധ്യക്ഷം വഹിച്ചു. സഭാശുശ്രൂഷകൻ Rev.J.Stephen യോഗക്രമീകരണങ്ങൾ നന്നായി ചെയ്തു. ശനിയാഴ്ച നടന്ന കൗൺസിലിംഗ് ശുശ്രൂഷയ്ക്കു ധാരാളം പേർ കടന്നുവന്നു. തിരുവനന്തപുരം ജില്ലയിൽ നിന്നും ധാരാളംപേർ വന്നിരുന്നു. ദൈവനാമം മഹത്വപ്പെട്ടു.

# C S I KANYAKUMARI DIOCESE

### പയണം സി.എസ്.ഐ സഭയുടെ 131–ാമാണ്ട് സഭാദിനാഘോഷങ്ങൾ




കന്യാകുമാരി ജില്ല മാർത്താണ്ഡത്തിനടുത്തുള്ള പയണം എന്ന സ്ഥലത്തെ സി.എസ്.ഐ സഭയുടെ 131–ാമാണ്ട് സഭാദിനാഘോഷങ്ങളുടെ ഭാഗമായി ഏപ്രിൽ മാസം 27, 28, 29 തീയതികളിൽ സുവിശേഷയോഗങ്ങൾ ക്രമീകരിച്ചിരുന്നു. സഭാശുശ്രൂഷകൻ Rev.G.Sathyalal Vijin ന്റെ നേതൃത്വത്തിൽ യോഗങ്ങൾ നടത്തപ്പെട്ടു. District Chairman യോഗങ്ങളിൽ സംബന്ധിച്ച് അദ്ധ്യക്ഷം വഹിച്ചു. കന്യാകുമാരി ജില്ലയിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ധാരാളം പേർ പങ്കെടുത്തു. ദൈവനാമം മഹത്വപ്പെട്ടു.



# CSI MALABAR  DIOCESE

## ഹെബിക്സ് സ്മാരക സി.എസ്.ഐ സഭ, കണ്ണൂർ കൺവെൻഷൻ






North Kerala Diocese മലബാർ ഡയോസിസ് എന്ന പേര് മാറിയ ശേഷം ആദ്യമായി ബാസൽ മിഷൻ സഭയിൽ ജനിച്ച് വളർത്തപ്പെട്ട പുരോഹിതൻ Rt.Rev.Dr.Royce Manoj Victor അവർകൾ ബിഷപ്പായി അവരോധിക്കപ്പെട്ടിരിക്കുന്നു. Malabar Diocese ആരംഭിച്ചശേഷം ആദ്യത്തെ കൺവെൻഷനിൽ പ്രസംഗിക്കാനിടയായതിൽ ഏറെ സന്തോഷം ഉണ്ടായി.

ബിഷപ്പ് തെരഞ്ഞെടുപ്പ് വേളയിൽ മലബാർ ഡയോസിസ് വിശ്വാസികൾക്കു ഒരു പ്രത്യേക ലേഖനം എഴുതിയിരുന്നു. വേദപുസ്തകം മലയാളത്തിൽ ആദ്യമായി പരിഭാഷ നിർവ്വഹിച്ച ഹെർമ്മൻ ഗുണ്ടർട്ട് എന്ന ജർമ്മൻ മിഷണറിയാൽ സ്ഥാപിക്കപ്പെട്ട മിഷനാണ് – ബാസൽ മിഷൻ. അക്കാലത്ത് North Kerala എന്ന് വിളിക്കാതെ Malabar എന്നു തന്നെ വിളിച്ചിരുന്നു. മലബാർ പോലീസ് എന്ന പദപ്രയോഗവും ശ്രദ്ധിക്കുക. ബാസൽമിഷന്റെ ക്രിസ്തീയ ഗാനങ്ങൾ മറ്റ് ഗാനങ്ങളെക്കാളും വ്യത്യാസമുള്ളതും, അർത്ഥവത്തും നല്ല ഈണമുള്ളവയുമാണ്. പഴയ രാഗത്തിൽത്തന്നെ മലബാർ ഡയോസിസിൽ ഗാനങ്ങൾ ആലപിക്കുന്നു. ഈ സഭയിൽ 5–ാമത്തെ പ്രാവശ്യമാണ് ഞാൻ കൺവെൻഷനിൽ പ്രസംഗിക്കുന്നത്. അന്നു മുതൽ ഇന്നുവരെ മലബാർ ജനങ്ങൾ വിശിഷ്യ കണ്ണൂർ, കോഴിക്കോട്, ഷൊർണ്ണൂർ വിശ്വാസികളുടെ സ്നേഹം മറക്കാനാവാത്തതാണ്. അതിനായി ദൈവത്തെ സ്തുതിക്കുന്നു. മലബാർ ഡയോസിസ് രൂപീകൃതമാകുന്നതുവരെ മധ്യകേരള ഡയോസിസിലെ പുരോഹിതന്മാരിൽ ഒരാളായിരുന്നു North Kerala Diocese ലെ ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ടുകൊണ്ടിരുന്നത്. ഇനി മുതൽ മലബാർ മണ്ണിൽപ്പിറന്ന ബാസൽ മിഷൻ സഭകളാൽ വളർത്തപ്പെട്ട ഒരു പുരോഹിതനെ ഏകമനസ്സോടെ ബിഷപ്പായി തെരഞ്ഞെടുക്കാൻ ആഹ്വാനം ചെയ്തിരുന്നു. വിശ്വാസികൾ ഒന്നടങ്കം ഏകമനസ്സോടെ ബാസൽ മിഷൻ പുരോഹിതനെ അധികം വോട്ടുവ്യത്യാസത്തിൽ തെരഞ്ഞെടുത്തു. ഇപ്പോഴുള്ള ബിഷപ്പിനെ എതിർത്തു നിന്നതു എന്റെ അടുത്ത സ്നേഹിതനും മധ്യകേരള ഡയോസിസിലെ Clergy Secretary യായി ശുശ്രൂഷ ചെയ്തുവന്ന പുരോഹിതനാണ്. അദ്ദേഹം തോറ്റു. ഞാൻ മുഖാന്തിരമാണ് അദ്ദേഹം തോല്ക്കാനിടയായതു എന്ന് കരുതി ഇപ്പോൾ പഴയ സ്നേഹത്തിലല്ല. മാത്രവുമല്ല, എന്നോട് ദേഷ്യത്തിലുമാണ്.കഴിഞ്ഞ കൺവെൻഷൻ യോഗത്തിൽ പ്രസംഗത്തിനായി ചെന്നപ്പോൾ കഴിഞ്ഞകാലത്തു നടന്ന സംഭവങ്ങളെല്ലാം ഓർമ്മയിൽ ഓടിയെത്തി. ചർച്ചിലെ സീനിയർ പാസ്റ്റർ Rev.Trevor Jyothish വേണ്ട ക്രമീകരണങ്ങൾ ചെയ്തിരുന്നു. ഡിസ്ട്രിക് ചെയർമാനായ Rev.Michael, Rev.Sinose Manaran എന്നിവർ യോഗങ്ങളിൽ അദ്ധ്യക്ഷം വഹിച്ചു. ഈ സഭയിലെ ക്വയർ കേരളത്തിൽ ഏറെ പ്രശസ്തമാണ്. എന്റെ സ്നേഹിതനും ക്വയർ ലീഡറുമായ സിറിലിന്റെ നേതൃത്വത്തിൽ ഗാനങ്ങൾ ആലപിച്ച് ദൈവത്തെ മഹത്വപ്പെടുത്തി. ദൈവത്തിന് മഹത്വമുണ്ടാകട്ടെ.

# ദിണ്ഡുക്കൽ ജില്ല - പഴനി എന്ന സ്ഥലത്തിൽ  നടന്ന എന്റെ ആദ്യപൊതുയോഗം



ഞാൻ പൊതുവായി സി.എസ്.ഐ സഭാകമ്മിറ്റി, സഭാശുശ്രൂഷകർ എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്ന യോഗങ്ങളിലാണ് സംബന്ധിച്ച് വരുന്നത്. അങ്ങനെ പഴനിയിൽത്തന്നെ രണ്ടുതവണ സംസാരിച്ചിട്ടുണ്ട്. ഇപ്പോൾ സി.എസ്.ഐ സഭയിലെ പഴനി യുവജന പ്രാർത്ഥനാ ഗ്രൂപ്പിന്റെ നേതൃത്വത്തിൽ എന്നെ വിളിച്ച് പബ്ലിക് മൈതാനത്ത് വച്ച് യോഗങ്ങൾ നടത്തി. ഈ സഹോദരന്മാർ ആഴ്ചയിൽ ഒരുദിവസം പ്രാർത്ഥനാകുറിപ്പുകൾ എഴുതിവച്ച് ഓരോ വിഷയങ്ങൾക്കായി പ്രാർത്ഥിച്ചു വരുന്നവരുമാണ്. തങ്ങളുടെ സ്വന്തം കാശ് ചെലവഴിച്ച് എല്ലാവരും രക്ഷപ്രാപിച്ച് സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തണം എന്ന ഹൃദയവാഞ്ഛയിൽ ഈ യോഗങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. 2017 മെയ് മാസം നടത്തിയ ഈ യോഗങ്ങളിൽ ഡോ.മുരളീധരൻ എം.ഡിയും (ട്രൈബൽ മിഷൻ), ഞാനും പ്രസംഗകരായിരുന്നു. യോഗങ്ങൾ ഏറെ അനുഗ്രഹമായിരുന്നു. ഓട്ടൻഛത്രം ആശുപത്രിയിലെ ഡോക്ടർമാരും ജീവനക്കാരും മറ്റു ഗ്രാമങ്ങളിലെ ജനങ്ങളും യോഗങ്ങളിൽ സംബന്ധിച്ചു. ഡോ.സെൽവിൻ ഈ യോഗങ്ങളിൽ സംബന്ധിച്ചു എന്നതു പ്രത്യേകതയായിരുന്നു. ഡോ.മുരളീധരൻ ട്രൈബൽ മിഷന്റെ പ്രവർത്തനങ്ങളെ വിശദീകരിച്ചശേഷം ദൈവദൂതും നല്കി. ദൈവനാമം മഹത്വപ്പെട്ടു.

**വായനക്കാരുടെ ശ്രദ്ധയ്ക്ക് :**

പഴനിയിലെ പ്രാർത്ഥനാ സഹോദരന്മാർ ഒരു കല്യാണമണ്ഡപം വാടകയ്ക്കെടുത്താണ്  യോഗങ്ങൾ നടത്തിയത്. ഇതിലൂടെ സഭാ, മത വ്യത്യാസമില്ലാതെ എല്ലാവർക്കും പങ്കെടുക്കുവാൻ കഴിഞ്ഞു. പഴനി സഹോദരന്മാർ ചെയ്തതുപോലെ എന്റെ വായനക്കാരും ജില്ലാ, താലൂക്ക് കേന്ദ്രീകരിച്ച് പൊതുമൈതാനങ്ങളിൽ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് വേണ്ട അനുവാദങ്ങൾ വാങ്ങിയ ശേഷം പൊതുയോഗങ്ങൾ നടത്താൻ ആഗ്രഹിച്ചാൽ ഞാൻ എന്റെ തീയതികൾ നല്കാം. സത്യസുവിശേഷവും പഥ്യോപദേശവും ജനങ്ങളിലെത്താൻ ഇത്തരത്തിലുള്ള ക്രമീകരണങ്ങൾ ഏറെ സഹായകരമാവും.

# വാഴ്ത്തുന്നു!..................................സ്വീകരിക്കുന്നു!



തുത്തൂക്കുടി – **നസറേത്ത് സി.എസ്.ഐ** ഡയോസിസിന്റെ പുതിയ ബിഷപ്പായി **Rt.Rev.S.E.C.ദേവസഹായം** അവൾകൾ തെരഞ്ഞെടുക്കപ്പെട്ടു. 11.06.2017–ന് സി.എസ്.ഐ നസറേത്ത് കത്തീഡ്രൽ പള്ളിയിൽ വച്ച് മോഡറേറ്റർ Most.Rt.Rev.തോമസ് കെ.ഉമ്മൻ അവർകളാൽ കൈവെയ്പ് ശുശ്രൂഷ നടത്തപ്പെട്ടു. ചില കാലങ്ങളായി പല പ്രശ്നങ്ങളാൽ വലഞ്ഞ ഡയോസിസ് എന്ന പേര് തൂത്തുക്കുടി ഡയോസിസിനുണ്ട്. പുതിയ ബിഷപ്പ് അവർകൾ ആ പേരിനെ മാറ്റിയെടുക്കും എന്ന് വിശ്വസിക്കാം. **ഡ്രൈവർ** പുതിയ വ്യക്തിയാണ്; പക്ഷേ **ബസ്** പഴയത് എന്ന് ആ ഡയോസിസിലുള്ളവർ പറയുന്നത് കേൾക്കാനിടയായി. അതിന്റെ അർത്ഥം ബിഷപ്പിന് ചുറ്റുമുള്ള അനുചരവൃന്ദം പല പ്രശ്നങ്ങളിൽ അകപ്പെട്ടവർ എന്നതാണ്. ദൈവം ബിഷപ്പിന് നല്ല ജ്ഞാനവും വ്യക്തമായ തീരുമാനങ്ങൾ (own decision) എടുക്കാനുള്ള വിവേകവും നല്കുമാറാകട്ടെ!

**AUGUST 2017**

# Printed Book

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.